# പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 241</u>**
**<u>04.07.2007 - ൽ മറുപടിയ്ക്ക്</u>**

## <u>വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.രാജു :<br>ശ്രീ. ബാബു പോൾ:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. എൻ അനിരുദ്ധൻ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള പഠനങ്ങൾ നടത്തി ശുപാർശകൾ നൽകുന്നതിന് കേന്ദ്രഗവൺമെന്റ് നിയമിച്ച പ്രൊഫ. എ.വൈദ്യനാഥൻ കമ്മിറ്റിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) ഗ്രാമീണ സഹകരണവായ്പാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള ഒരു കർമ്മ പദ്ധതിയും പ്രസ്തുത പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനു വേണ്ട നിയമ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി പ്രൊഫ. എ.വൈദ്യനാഥൻ അദ്ധ്യക്ഷനായി കേന്ദ്ര സർക്കാർ നിയമിച്ച ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിൽ ധാരാളം ശുപാർശകൾ നടത്തിയിട്ടുണ്ട്. അതിലെ പ്രധാനപ്പെട്ട ശുപാർശകൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഈ റിപ്പോർട്ടിലെ 'സഹകരണ പാക്കേജ്' സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) പ്രൊഫ. എ.വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ 'സഹകരണപാക്കേജ്' നടപ്പാക്കുന്നത് സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് മനസ്സിലാക്കുന്നു. സാധാരണക്കാരുടേയും സമൂഹത്തിലെ |

പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടേയും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം മറ്റ് സേവന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്ത് നടത്തുന്ന കേരളത്തിലെ പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങളുടെ സേവനം ഇല്ലാതാകുന്ന സാഹചര്യം സംസ്ഥാനത്ത് സംജാതമാകും എന്നത് യാഥാർത്ഥ്യമാണ്. അത്തരം പ്രതിലോമകരമായ ശുപാർശകളെ സംബന്ധിച്ച വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

## പ്രൊഫ.എ.വൈദ്യനാഥൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ

1. സഹകരണ വായ്പാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം നിർമ്മാർജ്ജനം ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകുക

2. സാമ്പത്തിക പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയ ശേഷം ഓരോ പ്രാഥമിക കാർഷിക വായ്പാ സംഘത്തിനും വായ്പേതര പ്രവർത്തനങ്ങൾ തുടരണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകുക.

3. സംസ്ഥാനസഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ എന്നിവയിലെ സർക്കാർ ഓഹരി മൂലധനം മടക്കി നൽകുക.

4. സഹകരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ഉത്തമമായ കണക്കെഴുത്ത് രീതി ഏർപ്പെടുത്തുകയും ചെയ്യുക.

5. സംഘങ്ങളെ കാര്യക്ഷമമാക്കുന്നതിനായി ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമം, നബാർഡ് നിയമം, ബാങ്കിംഗ് നിയന്ത്രണ നിയമം, ഡി.ഐ.സി.ജി.സി നിയമം എന്നിവയിൽ അനുയോജ്യമായ ഭേദഗതി വരുത്തുക

6. അംഗങ്ങളല്ലാത്തവരുമായി സംഘങ്ങൾക്ക് ഇടപാട് നടത്താൻ കഴിയുകയില്ലെന്നും പൊതുജനനിക്ഷേപം സ്വീകരിക്കുകയാണെങ്കിൽ രജിസ്ട്രാറെയും റിസർവ് ബാങ്കിന്റെയും ദ്വിമുഖ നിയന്ത്രണം ഉപേക്ഷിച്ച് റിസർവ് ബാങ്കിന്റെ പൂർണ്ണനിയന്ത്രണത്തിന് തയ്യാറാവുക.

7. നിക്ഷേപസ്ഥാപനങ്ങളിൽ നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള സാമ്പത്തിക സേവനങ്ങളും വിനിയോഗിക്കുന്നവർക്ക് പൂർണ്ണ അംഗത്വവും വോട്ടവകാശവും നൽകുക.

8. സഹകരണസ്ഥാപനങ്ങളുടെ ഭരണകമത്തിലും സാമ്പത്തിക കാര്യങ്ങളിലുമുള്ള സംസ്ഥാന ഇടപെടൽ നീക്കം ചെയ്യുക.

9. ഓഹരി മൂലധന പങ്കാളിത്തം, ഭരണസമിതിയിലെ പ്രാതിനിധ്യം എന്നിവയിൽ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ നീക്കം ചെയ്യുക.

10. പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള വിവേക പൂർവ്വ മാനദണ്ഡങ്ങൾ (പ്രുഡൻഷ്യൽ നോംസ്) ബാധകമാക്കുക.

241(3)

11. സഹകരണബാങ്കുകളുടെ ഭരണസമിതി തെരഞ്ഞെടുപ്പിന് ഉചിതവും യുക്തവുമായ മാനദണ്ഡങ്ങൾ റിസർവ് ബാങ്ക് നിർദ്ദേശിക്കും.

12. സഹകരണബാങ്ക് ഭരണസമിതിയിൽ റിസർവ് ബാങ്ക് മാനദണ്ഡമനുസരിച്ചുള്ള പ്രൊഫഷണലുകൾ മൂന്നുപേരെങ്കിലും ഉണ്ടാകണം.

13. റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പ്രൊഫഷണൽ യോഗ്യതയുള്ള ആളായിരിക്കണം സഹകരണബാങ്കുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവേണ്ടത്. പ്രാഥമിക കാർഷിക വായ്പാ സംഘം മുഖ്യ കാര്യദർശി യഥാവിധി പരിശീലനം ലഭിച്ച ആളായിരിക്കണം.

14. പ്രവർത്തനചെലവിന്റെ 50% കുറയാതെ പലിശ മിച്ചമുള്ളതും ഡിമാന്റിന്റെ 50% ൽ കുറയാതെ റിക്കവറി ഉള്ളതുമായ സംഘങ്ങൾക്കു മാത്രമേ വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക സഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

## പ്രൊഫ. എ.വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ 'സഹകരണ പാക്കേജ്' സംസ്ഥാനസഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ.

പ്രൊഫ. എ.വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശകളിൽ ചിലത് നിലവിലുള്ള കാർഷിക വായ്പാ സംവിധാനത്തെ പ്രതികൂലമായി ബാധിക്കും. സംഘത്തിന്റെ ഓഹരി മൂലധനത്തിൽ സർക്കാർ ഓഹരി പൂർണ്ണമായും പിൻവലിക്കേണ്ടതായി വരും. ഭരണസമിതിയിൽ ഗവൺമെന്റ് നോമിനി പാടില്ലെന്നും, ഭരണസമിതി അംഗങ്ങളിൽ മൂന്നുപേരെങ്കിലും റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന പ്രൊഫഷണലുകൾ ആയിരിക്കണമെന്നും, സഹകരണ ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന പ്രൊഫഷണൽ യോഗ്യത ഉള്ളവരായിരിക്കണമെന്നും, പ്രാഥമിക കാർഷിക വായ്പാസംഘം മുഖ്യ കാര്യദർശി യഥാവിധി പരിശീലനം ലഭിച്ച ആളായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ മേൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണാധികാരം ഏർപ്പെടുത്തുന്നതിനാൽ സഹകരണ സ്ഥാപനങ്ങളുടെ ഭരണ ക്രമത്തിലും, സാമ്പത്തിക കാര്യങ്ങളിലുമുള്ള സംസ്ഥാന ഇടപെടൽ ഇല്ലാതാകും. മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രുഡൻഷ്യൽ നോംസ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും ബാധകമായിരിക്കുന്നതിനാൽ സംഘങ്ങൾ ലാഭം ഉണ്ടാക്കുക മാത്രം ലക്ഷ്യമാക്കുന്നതിനും. കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ ലഭ്യമാക്കുകയോ കർഷകരുടെ ഉൽപ്പന്നങ്ങളുടെ താങ്ങുവില, തറവില എന്നിവ നിശ്ചയിച്ചു കാർഷിക വിളകൾസംഘങ്ങൾക്ക് സംഭരിക്കുന്നതിനോ കഴിയില്ല. മാത്രവുമല്ല പ്രവർത്തന ചെലവിന്റെ 50% ത്തിൽ കുറയാതെ പലിശ മിച്ചമുള്ളതും ഡിമാന്റിന്റെ 50% ത്തിൽ കുറയാതെ റിക്കവറി ഉള്ളതുമായ സംഘങ്ങൾക്കുമാത്രമേ ഈ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. കൂടാതെ ജീവനക്ഷമമാകാൻ സാധ്യതയില്ലാത്ത സംഘങ്ങളെ സമാപ്തീകരിക്കണം എന്നും പുനരുദ്ധാരണ പാക്കേജിൽ ശുപാർശ ചെയ്തിട്ടുണ്ട്. സഹകരണ വായ്പാസംഘങ്ങളെ ബാധിക്കുന്ന സഹകരണ നിയമത്തിലെ വ്യവസ്ഥകൾ സമൂലമായി പരിഷ്കരിക്കേണ്ടതായി വരും. അതായത് സംഘം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ നിയമനം, സേവന വ്യവസ്ഥകൾ തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കാനും, കടങ്ങളെടുക്കുന്നതിനും. നിക്ഷേപിക്കുന്നതിനും അഫിലിയേഷനും, അനുയോജ്യമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനും പൂർണ്ണസ്വാതന്ത്ര്യം സംഘങ്ങൾക്കുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘങ്ങളുടെ സാമ്പത്തിക നിയന്ത്രണം പൂർണ്ണമായി സർക്കാരിന് നഷ്ടമാകാനും ഇടയാകും. മാത്രമല്ല പ്രുഡൻഷ്യൽ നോംസ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ബാധകമാക്കാനും ഇടയാകും. കാർഷിക വായ്പാ വിതരണത്തിന് വിമുഖത കാട്ടുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാനും പരിമിതികളുണ്ടാവും.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 242 — 04-07-2007 ൽ മറുപടിക്ക്

### അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളുടെ നിയന്ത്രണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ:<br>" ആനത്തലവട്ടം ആനന്ദൻ:<br>" ആർ. സെൽവരാജ്:<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ. | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളുണ്ട്; | (എ) | 1295 എണ്ണം.<br>(ഹൈസ്കൂൾ തലം വരെ 856 എണ്ണവും ഹയർ സെക്കന്ററി തലത്തിൽ 439 എണ്ണവും) |
| (ബി) | സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തിൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണമുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/ അദ്ധ്യാപകേതര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ (കെ.ഇ.ആർ) അദ്ധ്യായം XIV AA-ൽ പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് നൽകേണ്ട പ്രതിമാസ ശമ്പളത്തിന്റെ വിവരം, കുട്ടികളിൽനിന്നും വാങ്ങേണ്ട ഫീസ് എന്നിവ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അത്തരത്തിൽ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തിൽ സർക്കാരിന് ചില നിയന്ത്രണങ്ങളുണ്ട്. അവിടെ നടക്കുന്ന പഠന-ബോധന പ്രവർത്തനങ്ങൾ സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് നടക്കുന്നത്. |
| (സി) | ഓരോ ക്ലാസ്സിലേയ്ക്കുമുള്ള ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; | (സി) | അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽനിന്നും ട്യൂഷൻ ഫീസ് ഇനത്തിൽ ഒരു വർഷത്തേക്ക് 1 മുതൽ 7 വരെ ക്ലാസ്സുകളിൽ 1000/ രൂപ, എട്ടുമുതൽ പത്തുവരെ ക്ലാസ്സുകളിൽ 1500/- രൂപ എന്ന ക്രമത്തിലും, ഹയർ സെക്കന്ററി കോഴ്സിന് പ്രതിമാസം 500/ രൂപ എന്ന നിരക്കിലും ഈടാക്കുന്നതിനായി നിലവിൽ സർക്കാർ ഉത്തരവുണ്ട്. |
| (ഡി) | വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിലും മറ്റു പദ്ധതികളിലും അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെക്കൂടി പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെകൂടി ഉൾപ്പെടുത്താറുണ്ട്. അപ്രകാരം ഹാജരാകുന്ന അദ്ധ്യാപകർക്ക് പരിശീലനം നൽകാറുമുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.243 — 04.07.2007-ൽ മറുപടിക്ക്

## ഭൂവിനിയോഗം സംബന്ധിച്ച് നിയമ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ എം.എൽ.എ<br>ശ്രീ.എൻ.രാജൻ എം.എൽ.എ<br>ശ്രീ.പള്ളിപ്രം ബാലൻ എം.എൽ.എ<br>ശ്രീ. പി.തിലോത്തമൻ എം.എൽ.എ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) ഭൂവിനിയോഗം സംബന്ധിച്ച് സമഗ്രമായ ഒരു നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. അശാസ്ത്രീയമായ ഭൂവിനിയോഗത്തിന്റെ ദോഷഫലങ്ങൾ പല രീതിയിൽ ഇന്ന് പ്രകടമാകുന്നുണ്ട്. ഇതിലേറ്റവും പ്രധാനം നെൽ വയലുകളും ചതുപ്പ് നിലങ്ങളും അനിയന്ത്രിതമായ രീതിയിൽ നികത്തപ്പെടുകയോ തരം മാറ്റപ്പെടുകയോ ചെയ്യുന്നതാണ്. നെൽ വയലുകളും ചതുപ്പ് പ്രദേശങ്ങളും നികത്തുന്നതു കൂടാതെ, കായലുകളും, പുഴകളും മറ്റ് തണ്ണീർത്തടങ്ങളും കയ്യേറുന്നതും, മലീമസമാക്കുന്നതും മറ്റൊരു ഗുരുതരമായ പ്രശ്നമാണ്. ഇതെല്ലാം കാരണം സംസ്ഥാനം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടുന്ന അവസ്ഥയുണ്ട്. അതിനാൽ അവശേഷിക്കുന്ന വയലുകളേയും ചതുപ്പു നിലങ്ങളേയും സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് ഭൂവിനിയോഗം സംബന്ധിച്ച് സമഗ്രമായ നിയമ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>സി) ഈ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) & സി) ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരുമായും ബന്ധപ്പെട്ട വകുപ്പുകളുമായും മറ്റും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരട് ബില്ല് തയ്യാറായി വരുന്നു.<br><br>നെൽവയലുകൾ ഭക്ഷ്യോത്പാദനത്തിനുള്ള കൃഷിയിടം എന്നു കണക്കാക്കുക കൂടാതെ ഭൂമിയുടെ തരംമാറ്റം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നിയമ നിർമ്മാണം നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പ്രധാന നെല്ലുല്പാദന കേന്ദ്രങ്ങളായ കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കരി നിലങ്ങൾ, കേരള |

ത്തിന്റെ നെല്ലറയെന്നറിയപ്പെടുന്ന കുട്ടനാട്, പാലക്കാട് പ്രദേശങ്ങളിലെ പാടശേഖരങ്ങൾ, ജലസേചന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പാടങ്ങൾ തുടങ്ങിയവയുടെ ഒരു ഭാഗവും ഒരിക്കലും നികത്താൻ പാടില്ലാത്ത വിധം നിയന്ത്രണമേർപ്പെടുത്തണമെന്നുദ്ദേശിക്കുന്നു.

ഇതിനുപുറമേ സംസ്ഥാനത്തെ ജലസ്രോതസ്സുകളായ കായലുകൾ, ശുദ്ധജലതടാകങ്ങൾ, പൊയ്കകൾ, മറ്റ് ചതുപ്പുനിലങ്ങൾ എന്നിവ കയ്യേറ്റങ്ങളിൽ നിന്നും മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുവാനുള്ള വ്യവസ്ഥകളും നിയമത്തിൽ വ്യവസ്ഥ ചെയ്യും.

ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിലങ്ങൾ തരംമാറ്റണമെങ്കിൽ ആയതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുവാനും, നിലങ്ങളും മറ്റ് തണ്ണീർത്തടങ്ങളും നികത്തുകയോ, തരംമാറ്റുകയോ ചെയ്യുന്നത് ശിക്ഷാർഹമാക്കുവാനും നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്. തരിശ്ശിടുന്ന നെൽപ്പാടങ്ങൾ ഏറ്റെടുത്ത് കൃഷി നടത്തുവാൻ തൽപ്പരരായ വ്യക്തികളേയോ സംഘങ്ങളെയോ ഏൽപ്പിക്കുവാനും നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ::244 4.07.2007-ൽ മറുപടിയ്ക്ക്

<u>കാര്യക്ഷമതാ വർഷാചരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എം.ഹംസ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.ജോർജ്ജ് എം.തോമസ് | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) വിദ്യാഭ്യാസ വകുപ്പ് ഈ വർഷം കാര്യക്ഷമതാ വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | ബി) ഇതിന്റെ ഭാഗമായി 2007-08 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് പഠന സമയം 1000 മണിക്കൂർ (200 സാദ്ധ്യായ ദിവസങ്ങൾ) ഉറപ്പാക്കുക എന്ന ലക്ഷ്യം സാധിക്കുന്നതിനുള്ള ശ്രമങ്ങൾക്കു പുറമെ താഴെപറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞു.<br>1. തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ കുട്ടികളെ സംബന്ധിച്ച സമഗ്രമായ വിവരശേഖരണം (കുട്ടികളുടെ കാനേഷുമാരി) നടപ്പിലാക്കുക |

2. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് - 2006 അടിസ്ഥാനമാക്കി സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.റ്റി യുടെ നേതൃത്വത്തിൽ നടത്തുക.
3. വിദ്യാഭ്യാസപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്ത് തല സ്കൂൾ കോംപ്ളക്സിനു രൂപം നൽകുക.
4. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.പരീക്ഷയിൽ D+ ന് താഴെ ഗ്രേഡു ലഭിച്ചവർ 33 ശതമാനമോ അതിൽ  കൂടുതലോ ഉള്ള 104 സ്കൂളുകൾ തെരഞ്ഞെടുത്ത് സംയോജിതമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരുന്നു.  അവിടത്തെ അനുഭവങ്ങൾ മറ്റ് എല്ലാ വിദ്യാലയങ്ങൾക്കും പ്രയോജനപ്പെടുത്തുവാനും, ഉൾക്കാഴ്ചയോടെ പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്.
5. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 100 ഗ്രാമപഞ്ചായത്തുകളിൽ ഗവേഷണസ്വഭാവമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.
6. വിവിധ ഏജൻസികൾ സംയുക്തമായും ഏകോപിച്ചും  15 ദിവസത്തെ സമഗ്രഅധ്യാപക പരിശീലന പരിപാടി നടപ്പിലാക്കുക.
7. സംസ്ഥാനത്തെ ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും പഠിപ്പിക്കുന്ന

അധ്യാപകർക്ക് ഫ്രീ സോഫ്റ്റ്‌വെയ
റിൽ പരിശീലനം നൽകുക.

8. വിദ്യാഭ്യാസ വകുപ്പിന്റെ പരിശീലന ഏജൻസികളിലൊന്നായ "സീമാറ്റ്" ന്റെ നേതൃത്വത്തിൽ പ്രഥമാദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനം നൽകുക.
9. ഉച്ചഭക്ഷണ പരിപാടി ഹൈസ്കൂൾ തലംവരെ വ്യാപിപ്പിക്കുന്നതിനുള്ള തുടക്കം കുറിക്കുക.
10. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ വിതരണം ചെയ്യുക.
11. 'എന്റെ മരം' എന്ന പദ്ധതിയിൻ പ്രകാരം കുട്ടികൾക്ക് പരിസ്ഥിതി ജ്ഞാനവും അവബോധവും നല്ലുവാനായി 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓരോ വൃക്ഷ തൈ നൽകി. അതിന്റെ ഒരു വർഷക്കാലത്തെ സംരക്ഷണം നൽകുന്നതിനു സഹായിക്കുക.
12. പരിസര ശുചിത്വം, ആരോഗ്യസംരക്ഷണം തുടങ്ങി സമൂഹം ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സ്കൂൾ കരിക്കുലവുമായി ഉദ്ഗ്രഥിക്കുക. അതനുസരിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
13. അദ്ധ്യാപകരുടെ സ്ഥലംമാറ്റം 2007 മെയ് 5 ന് മുൻപ് പൂർത്തിയാക്കുക. അദ്ധ്യാപകരുടെ സ്ഥലം മാറ്റം പൂർത്തിയാക്കിയ ശേഷമുള്ള ഒഴിവുകളിൽ പി.എസ്.സി വഴി നിയ

| | | | |
|---|---|---|---|
| | | | മനം നടത്തുകയും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സ്ഥലങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്ത് സ്കൂൾ തുറക്കുമ്പോൾ എല്ലാ അദ്ധ്യാപക ഒഴിവുകളും നികത്തുന്നതിന് നടപടികൾ സ്വീകരിക്കുക.<br>14 . പ്ലസ് വൺ പ്രവേശനത്തിന് തിരുവനന്തപുരം ജില്ലയിൽ ഏക ജാലകസംവിധാനം ഏർപ്പെടുത്തുക. |
| സി) | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകൾക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ; | സി) | 2006 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 33 % ത്തിനും എല്ലാവർക്കും D+ ഉം അതിനു മുകളിലുള്ള ഗ്രേഡും ലഭിച്ച വിദ്യാലയങ്ങൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരുന്നത് തുടർന്നും നൽകുന്നതിനും ഓരോ വിദ്യാഭ്യാസ ജില്ലയിലും ജില്ലാ ശരാശരിയിൽ താഴെ തുടർപഠനത്തിന് അർഹത ലഭിച്ച 10 സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകി അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) | പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; | ഡി) | ഹയർ സെക്കന്ററിവരെയുള്ള എല്ലാ അദ്ധ്യാപകർക്കും ആസൂത്രണം, പഠനപ്രക്രിയ, നിരന്തരമൂല്യനിർണ്ണയം, മോണിറ്ററിംഗ് തുടങ്ങിയ മേഖലകളിൽ 15 ദിവസത്തെ സമഗ്ര അധ്യാപക പരിശീലന പരിപാടിക്ക് ഈ വർഷം രൂപം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ഇതിലൂടെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഇ) | നിലവിലുള്ള സംവിധാനം അനുസരിച്ച് സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കാര്യക്ഷമതാ വർഷത്തിലും ഈ സംവിധാനം തുടരുന്നതാണ്. എന്നാൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ധനസഹായമുപയോഗിച്ച് കഴിയുന്നത്ര സ്കൂളുകളിൽ ലൈബ്രറി - ലബോറട്ടറി, ഐ.റ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ശ്രമമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ **245**

4-7-2007-ൽ മറുപടിക്ക്

# അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. എ.എം. ആരിഫ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| **(എ)** സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വർഷാരംഭത്തിൽ കുട്ടികളുടെ എണ്ണം പരിശോധിക്കുന്നതിനുള്ള നടപടികൾ പൂർത്തി യായിട്ടുണ്ടോ ; | **(എ)** ഉണ്ട്. |
| **(ബി)** ഈ പരിശോധന എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ; | **(ബി)** സംസ്ഥാനത്തെ എല്ലാ ഗവ./എയിഡഡ്/അൺഎയിഡഡ് സ്കൂളുകളിലും ഒരേദിവസം അദ്ധ്യാപകരുടേയും അദ്ധ്യാപകേതര ജീവനക്കാരുടേയും സഹായത്തോടെ സ്കൂൾ സന്ദർശിച്ച് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തി, അപ്രകാരം ശേഖരിക്കപ്പെടുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ. വ്യവസ്ഥകൾക്കനുസൃതമായി തസ്തിക നിർണ്ണയം നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| **(സി)** അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | **(സി)** ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| **(ഡി)** കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ കെട്ടിട സൗകര്യമുണ്ടെങ്കിൽ കൂടുതൽ ഡിവിഷനുകളും തസ്തികകളും അനുവദിക്കുമോ ? | **(ഡി)** അഡീഷണൽ ഡിവിഷനുകൾ അനുവദിക്കുന്നതിന് നിലവിൽ തടസ്സമില്ല. അവയിലെ നിയമനങ്ങൾക്കുള്ള നിയന്ത്രണം നീക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246 — 04-07-2007 - ൽ മറുപടിക്ക്

സ്കൂളുകളുടെ പ്രവർത്തനം പഠിക്കാൻ നിയോഗിച്ച സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ:<br>" എ.കെ. ചന്ദ്രൻ:<br>" രാജാജി മാത്യു തോമസ്:<br>" കെ. അജിത്: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സ്കൂളുകൾ അനുവദിക്കൽ, അപ്ഗ്രേഡ് ചെയ്യൽ, സ്കൂളുകളുടെ അംഗീകാരം, അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; | (എ) ഉണ്ട്. 18-01-2007-ൽ റിപ്പോർട്ട് ലഭിച്ചു. |
| (ബി) ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; പ്രസ്തുത ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;<br>(സി) ഈ ശുപാർശകളുടെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളും അവയിൽ സർക്കാർ അംഗീകരിച്ചവയും വ്യക്തമാക്കുന്ന സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതാത് ഡയറക്ടർമാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

Government have examined the matter in detail and order as follows:—

I. *Sanctioning and upgrading Government or Aided Schools:*

1. No schools will be sanctioned/upgraded in Government/aided sector in the normal course.

2. The objective and scientific criteria for identification of schools for sanction and upgradation will be as follows:—

(a) High schools will be granted in Grama Panchayat areas where there are no high schools, subject to the provisions in the Kerala Education Rules.

(b) L.P./U.P./High Schools will be sanctioned/upgraded in Tsunami affected areas provided that it is found after an objective assessment that there are no sufficient educational facilities in the particular area and subject to the provisions in the Kerala Education Rules.

(c) High Schools will be upgraded as Higher Secondary Schools in Palakkad, Malappuram, Kozhikode, Wayanad, Kannur and Kasaragod Districts where it is found that the number of students who have qualified themselves for higher studies is higher than the number of seats available in Higher Secondary and Vocational Higher Secondary Schools. Government schools will be given priority for upgradation. This too will be subject to the budgetary limits and final approval of the Finance Department.

(d) Scientific mapping of existing educational institution/courses for ascertaining the educational need shall be conducted. The mapping shall invariably consider the need for the school, the location of the school, the state of the existing schools, the distance between them, the population details, the number of students expected to attend the school and the number of families benefited by the school.

(e) Special preference will be given to highly isolated and extremely backward areas.

(f) Sanctioning/upgradation shall be prioritized every year in the above manner and shall be ensured to be within the budgetary limits fixed for the same and final approval granted in consultation with and approval of the Finance Department.

GOVERNMENT OF KERALA

**Abstract**

GENERAL EDUCATION—OPENING OF NEW SCHOOLS—UPGRADATION OF EXISTING SCHOOLS—RECOGNITION OF UNAIDED SCHOOLS—GRANT OF NOC FOR CBSE/ICSE SCHOOLS—SANCTIONING OF NEW COURCES/BATCHES IN HIGHER SECONDARY SCHOOLS AND VOCATIONAL HIGHER SECONDARY SCHOOLS—REPORT OF THE COMMITTEE—EXAMINED—ORDERS ISSUED

GENERAL EDUCATION (F) DEPARTMENT

**G. O. (P) No. 107/07/G. Edn. Dated, Thiruvananthapuram, 13th June, 2007.**

*Read*:— 1. G. O. (Rt.) No. 3691/06/G. Edn. dated 19-8-2006.

2. Report of the High Level Committee.

ORDER

Government as per Government Order read above appointed a Committee to suggest guidelines for opening of new schools, upgradation of existing schools, recognition of unaided schools, grant of NOC for CBSE/ICSE Schools, sanctioning of new courses/ batches in Higher Secondary Schools and Vocational Higher Secondary Schools. The Committee has submitted its report with the following suggestions for the consideration of Government.

**Sanctioning and upgrading Government or Aided Schools**

1. There is no need to sanction or upgrade more Government Schools or Aided Schools in the normal course.

2. New schools or upgradation of existing schools need be considered only in areas where because of geographical imbalances in the distribution or for historical reasons, a school does not exist within a reasonable distance. This need has to be identified objectively and scientifically.

3. Request of individual school managements for upgradation of their schools need not be considered or entertained.

GCPT. 3/2595/2007/DTP.

4. Request of local bodies accompanied by their resolution may form the first step for starting/upgrading a Government or aided school. Such requests may be accompanied by their need assessment, the actual location of the school, location of existing schools, distance between the schools, demographic details, expected students, families benefited etc. and a map of the Panchayat showing the position of the schools and the proposed school.

5. The request of the Panchayat and the information provided may be got verified by the Educational Offices concerned and a report sent through the District Officer to Director of Public Instruction with their recommendations.

6. Such a report will form the basis for the area notification by the Director of Public Instruction under Rule 2, Chapter V, Kerala Education Rules. The Director of Public Instruction, if he feels that it is desirable for further check of the educational need, may entrust the proposal for scrutiny by an agency like the State Planning Board or Institute of Management in Government. (The names are illustrative) before taking further action.

7. Further steps for sanctioning new schools or upgradation may follow the rules in Chapter V, Kerala Education Rules.

**Recognition of Unaided Schools and NOC for CBSE/ICSE Schools**

1. As a policy, unaided recognized schools need not be given recognition. It may be declared that unaided schools will not be given recognition in future.

2. For those schools functioning in the State now weather they may be considered for recognition at all, a policy decision may be taken at Government level.

3. Since many of them may be answering to the demand for English Medium and better quality education in the rural areas, those having facilities as per Kerala Education Rules and maintaining better academic standards may be considered for recognition, if the local bodies also recommend recognition of a school acknowledging the need for such a school in the local body's jurisdiction. Further steps can be as in the Chapter V, Kerala Education Rules, which also envisages the setting up recognized schools.

4. Considering the demand for schools affiliated to CBSE/ICSE, and the desire of the people for getting better quality education for one's children. NOC may be given for a limited number of schools every year. Such schools shall have all facilities as prescribed by CBSE and should be run by agencies having and education track record.



5. On deciding to give NOC the views of the local body about the affordability and need for such a school in the locality may be given due consideration.

6. The maximum number of schools that can be given NOC in a year may be decided by Government 25 schools per year in the State is suggested. The present rate is much more.

7. Applications in the prescribed manner along with the views of the local body may be received upto 31st of August every year by Director of Public Instruction. On scrutiny and recommendation by DPI, a committee constituted by Government may select the cases for NOC and give final clearance before 30th November.

8. Recognized unaided schools and schools affiliated to CBSE/ICSE with Government's NOC may be periodically inspected by Educational Officers and in the event of non-adherence to the conditions and non-maintenance of quality standards, recognition or NOC may be withdrawn.

**Higher Secondary Schools**

1. The guidelines for Government and Aided schools in 1-7 may be applied to Higher Secondary Schools also. In the normal course, there is no need such as there is sufficient capacity in existence now.

2. The procedure in Chapter V, Kerala Education Rules may be extended to the Higher Secondary Schools also either by amending Kerala Education Rules or by an executive order replacing the existing guidelines issued in 2006.

3. For unaided schools the same criteria laid down for other schools may apply mutatis mutandis.

**Vocational Higher Secondary Schools**

More VHSE need be considered only after a re-evaluation of the policy for VHSE. It has to be decided whether this should continue as a parallel stream for Higher Secondary Schools.

For Higher Secondary and Vocational Higher Secondary Courses as well as new schools also the above guidelines and provisions of Kerala Education Rules may be made applicable by issuing a comprehensive executive order rather than a statutory amendment to Kerala Education Rules bringing these institutions under the Kerala Education Rules purview as this would be much less time consuming.

3. DPI/DHSE will conduct a study and find out the needy areas for starting/upgrading schools subject to further check as propopsed by the Committee.

4. All the steps for sanctioning new schools or upgradation as laid down in Kerala Education Rules will be followed.

II. *Recognition of Unaided Schools and NOC for CBSE/ICSE Schools:*

1. As a policy, unaided unrecognized schools will not be given recognition.

2. In order to overcome the educational backwardness of the Muslim Community, recognition will be granted and NOC for starting CBSE/ICSE schools shall be issued to those unaided schools satisfying the following conditions apart from those specified in the Kerala Education Rules as the Government are convinced that extreme educational backwardness among the members of the Muslim Community persists in certain areas of Malappuram, Kozhikode, Kasaragod, Kannur and Wayanad Districts. Accordingly applications will be limited to the above districts alone. The additional conditions are the following:—

(a) The school shall have started functioning on or before 1-6-2000.

(b) The school shall have a minimum of 500 students on its roll.

(c) The school shall have classes from 1 to 10.

(d) The school shall be functioning in a socially and educationally backward locality.

3. In the event of non-adherence to the conditions and non-maintenance of quality standards by schools affiliated to CBSE/ICSE with Government's NOC the matter of withdrawal of recognition/NOC will be taken up with Central Government.

III. *Higher Secondary Schools:*

1. The criteria for Government and Aided schools mentioned in I (1-4) except I 2 (a) above will be applied to the Higher Secondary Schools also in the normal course.

2. The procedure in Kerala Education Rules will be extended to the Higher Secondary Schools also by amending the Kerala Education Rules.

3/2396

3. No recognition to new unaided school in Higher Secondary section will be allowed for the time being.

4. The additional seats granted during the academic year 2006-2007 will be allowed to continue during the academic year 2007-2008 without any additional financial commitment.

By order of the Governor,

James Varghese,
*Secretary to Government.*

To

The Director of Public Instruction, Thiruvananthapuram.
All Deputy Directors of Education (Through DPI).
All District Educational Officers/All Assistant Educational Officers.(Through DPI.)
The Advocate General, Ernakulam. (With C. L).
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram.
The Finance Department.
The General Administration (SC) Department.
The Law Department.
The Director of Information and Public Relations, Thiruvananthapuram.
All Sections of General Education Department.
Stock File/Office Copy.

GOVERNMENT OF KERALA

**Abstract**


GENERAL EDUCATION—OPENING OF NEW SCHOOLS—UPGRADATION OF EXISTING SCHOOLS- RECOGNITION OF UNAIDED SCHOOLS—GRANT OF NOC FOR CBSE/ICSE SCHOOLS—SANCTIONING OF NEW COURSES/BATCHES IN HIGHER SECONDARY SCHOOLS AND VOCATIONAL HIGHER SECONDARY SCHOOLS—MODIFICATIONS—ORDERS ISSUED


GENERAL EDUCATION (F) DEPARTMENT

**G. O. (P) No. 116/07/G.Edn. Dated, Thiruvananthapuram, 22nd June, 2007.**

*Read*:—G.O. (P) No. 107/07/G.Edn., dated 13-6-2007.

ORDER

Government have issued orders for opening new schools, upgrading of existing schools, recognition of unaided schools, grant of NOC for CBSE/ICSE schools and sanctioning of new courses/batches in Higher Secondary Schools and Vocational Higher Secondary Schools vide G.O. read above. In that order, among other things, sanction was accorded to upgrade High Schools as Higher Secondary Schools. But the matter of upgrading High Schools as Vocational Higher Secondary Schools was not included.

2. Government have examined this matter again in detail and order the following modifications to the G.O. read above.

(1) In para 1(2) (c), "upgrading HS as HSS", will be modified as "upgrading HS as HSS/VHSS".

(2) In para 1(2) (3), "DPI/DHSE", will be modified as "DPI/DHSE/DVHSE".

(3) In para 3, "HSS", will be modified as "HSS/VHSS" and corresponding changes will be made in para 3.1, 2, 3 & 4.

GCPT 3/2522/2007/DTP.

(3) In HSS/VHSS new courses and one additional batch for each existing groups will be sanctioned without additional financial commitment to Governement.

By order of the Governor,

James Varghese,
*Secretary to Government.*

To

The Director of Public Instructions, Thiruvananthapuram.
The Director of Higher Secondary Schools, Thiruvananthapuram.
The Director of Vocational Higher Secondary Schools, Thiruvananthapuram.
All Deputy Directors of Education (Through DPI).
All District Educational Officers/All Assistant Educational Officers (Through DPI).
Advocate General, Ernakulam (With C.L.).
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The Finance Department.
The General Administration (SC) Department.
The Law Department.
The Director of Information and Public Relations, Thiruvananthapuram.
All Sections of General Education Department.
Stock File/Office Copy.

*Copy to.*—The Disposal leading G. O. (P) No. 107/07/G.Edn. dated 13-6-2007.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 247 — 04-07-2007 ൽ മറുപടിയ്ക്ക്

## റെയിൽവേ ബഡ്ജറ്റിലെ വാഗ്ദാനങ്ങൾ

| ചോദ്യം:<br>ശ്രീ. എ.എം.ആരിഫ്:<br>ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീ.പി.വിശ്വൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും<br>യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി |
|---|---|
| (എ). ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് പ്രഖ്യാപിച്ച പദ്ധതികളും വാഗ്ദാനങ്ങളും എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ ; | (എ). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെയിൽവെയുടെ വികസനം ലക്ഷ്യംവെച്ചുകൊണ്ട് ബഹു:മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, നിരവധിപരിശ്രമങ്ങൾ നടത്തി. ഇതിന്റെ ഫലമായാണ് ഇദംപ്രഥമായി ഈ വർഷത്തെ റെയിൽവെ ബജറ്റിൽ കേരളത്തിന് മോശമല്ലാത്ത പരിഗണന ലഭിച്ചത്. 2007-08 റെയിൽ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി). അവ നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;<br><br>(സി) കോച്ചു ഫാക്ടറി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ :<br><br>(ഡി). പുതിയ ട്രെയിനുകൾ ആരംഭിക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ :<br><br>(ഇ). ബഡ്ജറ്റ് പ്രഖ്യാപനം കാലവിളംബമില്ലാതെ നടപ്പിലാക്കി കിട്ടുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ? | (ബി) യും (സി) യും (ഡി) യും (ഇ) യും<br>ഇതിനായി സംസ്ഥാന നിയമസഭ 29..06..2007-ൽ പ്രമേയം പാസാക്കുകയുണ്ടായി. കൂടാതെ 30..06..2007-ൽ ബഹു:മുഖ്യമന്ത്രി റെയിൽ വികസനം മാത്രം അജണ്ടയാക്കി കേരളത്തിലെ എം.പി-മാരുടെ യോഗം വിളിക്കുകയുണ്ടായി. യോഗത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള എം.പി.-മാർ ഉൾപ്പെടുന്ന ഒരു സർവകക്ഷി നിവേദകസംഘം ബഹു:പ്രധാനമന്ത്രി, റെയിൽവേമന്ത്രി, യു.പി.എ ചെയർപേഴ്സൺ എന്നിവരെ കാണാനും ബഡ്ജറ്റിലെ വാഗ്ദാനങ്ങൾ എത്രയുംവേഗം പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര റെയിൽമന്ത്രാലയത്തിനുമേൽ സമ്മർദ്ദം ചെലുത്തുന്നതിനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ

## BUDGET HIGHLIGHTS FOR THE STATE OF KERALA

**New Surveys**

- Nanjangud-Nilambur , നഞ്ചൻഗൂഡ് - നിലമ്പൂർ

**New Lines**

Nil

**New Doubling works**

- Kuruppantara-Chingavanam
- Ambalapuzha-Haripad

**Garib Rath**

- Thiruvananthapuram-Lokmanya Tilak (Terminus) Garib Rath Express (2 days in a week)

**Extension of trains**

- 364 Kottayam-Thiruvananthapuram Passenger upto Nagercoil

**Increase in frequency**

- 6603/6604 Thiruvananthapuram-Mangalore Express (from 3 days in a week to daily)
- 6527/6528 Yesvantpur-Kannur Express (from weekly to 3 days in a week)
- 6315/6316 Bangalore-Kochuvelli Express (from weekly to 3 days in a week)

**Joint Venture with Kerala Government**

At present, Railways have a limited capacity to manufacture ICF design fabricated bogies for passenger coaches. Railways will try to make good this shortfall by setting up a joint venture company with Steel Industries Kerala Limited, Aleppey, a public sector undertaking of the Government of Kerala.

**Other important works**

- Development of Calicut as model station - Cost Rs.3 crores.
- Setting up of a plant for manufacture of fabricated rolling stock components of coaching stock at Alleppey - Cost Rs.85 crores.
- Inspection and stabling facilities for of MEMU trains at Quilon - Cost Rs.7 crores.

Section Officer

അനുബന്ധം

**BUDGET ALLOCATION FOR VARIOUS PROJECTS IN KERALA**

*(Rs. in crores)*

| Sl. No. | Particulars | Length in km | Cost | Budget 2006-07 | Budget outlay 2007-08 |
|---|---|---|---|---|---|
| | **NEW LINES** | | | | |
| 1 | Angamali – Sabarimala | 146 | 550.00 | 8.00 | 10.00 |
| 2 | Tanur (Kuttipuram) – Guruvayur | 51 | 137.71 | 5.00 | 2.77 |
| | Total | | 687.71 | 13.00 | 12.77 |
| | **GAUGE CONVERSION** | | | | |
| 1 | Quilon – Tirunelveli – Tiruchendur & Tenkasi – Virudhunagar | 357 | 462.61 | 2.00 | 3.00 |
| | Total | | | 2.00 | 3.00 |
| | **DOUBLING** | | | | |
| 1 | Calicut – Mangalore | 221 | 572.51 | 8.00 | 15.00 |
| 2 | Shoranur – Kuttipuram – Calicut | 86 | 188.13 | 4.00 | 8.00 |
| 3 | Ernakulam – Mulanturutti | 17.37 | 58.23 | 16.00 | 8.00 |
| 4 | Chepnad – Kayankulam | 7.76 | 21.48 | 2.00 | 10.00 |
| 5 | Mavelikara – Kayankulam | 7.89 | 21.84 | 10.00 | 5.00 |
| 6 | Mavelikara – Chengannur | 12.3 | 33.65 | 10.00 | 31.00 |
| 7 | Cheppad – Haripad | 5.20 | 14.39 | 2.00 | 10.00 |
| 8 | Ernakulam Marshalling yd. | 3 | | 0.01 | 0.10 |
| 9 | Quilon - Trivandrum Central | 65 | 152.85 | 0.50 | 0.10 |
| 10 | Mulanturutti - Kuruppantara | 24 | 79.94 | 2.00 | 30.00 |
| 11 | Chengannur - Chingavanam | 26.5 | 99.69 | 4.99 | 15.00 |
| 12 | Kankanadi - Panamburu | 19 | 70.00 | 0.00 | 2.00 |
| 13 | **Kuruppantara - Chingavanam** | 26.54 | 96.00 | 0.00 | 2.00 |
| 14 | **Ambalapuzha - Haripad** | 18.13 | 48.38 | 0.00 | 2.00 |
| | Total | | 1457.09 | 59.50 | 138.20 |
| | GRAND TOTAL | | 2144.80 | 74.50 | 153.97 |
| | **ELECTRIFICATION** | | | | |
| 1 | Ernakulam – Trivandrum | 320 | 162.31 | 23.54 | 15.00 |
| | Total | | 162.31 | 23.54 | 15.00 |

Section Officer

# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 248
04.07.2007 - ൽ മറുപടിക്ക്

## സഹകരണ മേഖലയിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാരിൻെറ കാലയളവിൽ സഹകരണമേഖലയിൽ എന്തെങ്കിലും അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ചുവടെ പരാമർശിക്കുന്ന ക്രമക്കേടുകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ.<br>1. കോഴിക്കോട് ജില്ലയിൽ മരുതോംകര സഹകരണ അർബൻ സൊസൈറ്റി സ്ഥിര നിക്ഷേപമായി ലഭിച്ച 1 ലക്ഷം രൂപനാൾ വഴിയിൽ വരവു വച്ചില്ല. കല്ലാച്ചി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>2. ചോറോട് സർവീസ് സഹകരണ ബാങ്കിൽ 31/3/2007 ന് 8,20,760 രൂപ സ്റ്റോക്കിൽ കുറവു കണ്ടു. കുറവു കണ്ട സംഖ്യ പലിശ സഹിതം ഈടാക്കാൻ നിർദ്ദേശം നൽകിയിരിക്കുന്നു.<br>3. കോഴിക്കോട് ജില്ലാ ഫാർമസിസ്റ്റ് സഹകരണ സംഘം ഡിപ്പാർട്ടുമെൻ്റിൻെറ അനുമതിയില്ലാതെ 3 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ നൽകി മെഡിക്കൽ സ്റ്റോർ വാങ്ങി. നാലു ജീവനക്കാരെ നിയമിച്ചു. നിയമനം സംബന്ധിച്ച് നടപടിക്രമങ്ങൾ പാലിച്ചില്ല. 77018 രൂപയുടെ ഡെഡ് സ്റ്റോക്ക് പരിശോധനക്ക് ഹാജരാക്കിയില്ല. ചേർത്തല സർവീസ് സഹകരണ ബാങ്കിൽ നിത്യനിധി കളക്ഷൻ ഏജൻറായി പ്രവർത്തിച്ചിരുന്ന ജീവനക്കാരൻ 2 ലക്ഷം രൂപ (രണ്ടു ലക്ഷം രൂപ) കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് അപഹരിച്ചിരുന്നു. കാര്യമായ നടപടികളൊന്നും എടുത്തിരുന്നില്ല. |
| ബി) | കഴിഞ്ഞ സർക്കാരിൻെറ കാലത്ത് സഹകരണ മേഖലയിൽനടന്നതായി കണ്ടുപിടിക്കപ്പെട്ട സാമ്പത്തിക അഴിമതികളിൽ കുറ്റക്കാരുടെമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | ബി) | കഴിഞ്ഞ സർക്കാരിൻെറ കാലത്ത് സഹകരണ മേഖലയിൽ നടന്നതായി കണ്ടു പിടിക്കപ്പെട്ട അഴിമതികളും അവയിൽ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെൻറിൻെറ കാലത്ത് 400 കോടിയിലേറെ തുകയുടെ തിരിമറി നടന്നിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലാ ബാങ്കുകളിലും കൂടി 600 (അറുന്നൂറ്) കോടിയോളം രൂപ ഉൾക്കൊള്ളുന്ന സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും നടന്നിട്ടുണ്ട്. ഈ കാരണത്താൽ കൊല്ലം ജില്ലാ ബാങ്കിൻെറ ഭരണ സമിതിയെ പിരിച്ചുവിട്ടു. ബാങ്കിന് നഷ്ടപ്പെട്ട ആസ്തികൾ സഹകരണ നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. മറ്റു രണ്ടു ജില്ലാ ബാങ്കുകൾക്കുമെതിരെ നടപടികൾ തുടർന്നു വരുന്നു. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

കൂടാതെ സംസ്ഥാനത്തുള്ള മറ്റു വിവിധ പ്രാഥമിക സംഘങ്ങളിലുമായി 1000 (ആയിരം) കോടിയോളം രൂപ ഉൾക്കൊള്ളുന്ന സാമ്പത്തിക ക്രമക്കേടുകളും അഴിമതികളും നടന്നതായി അറിയുന്നു.

വഴിവിട്ട സാമ്പത്തിക നടപടികൾ സ്വീകരിച്ചതിൻേറയും മറ്റും ഫലമായി ജോയിൻറ് രജിസ്ട്രാർ മാരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. കൂടാതെ നിയമ വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിയ ഇൻസ്പെക്ടർമാർ, ജോയിൻറ് രജിസ്ട്രാർ മാർ എന്നിവർക്കെതിരേയും നിയമാനുസൃത അച്ചടക്ക നടപടികൾ എടുത്തുവരുന്നുണ്ട്.

| | |
|---|---|
| സി) സഹകരണ മേഖലയിലെ അഴിമതി തടയാൻ നിലവിലുള്ള സംവിധാനം ശക്തവും കുറ്റമറ്റതുമാണെന്നു കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ പോകുന്നത്? | സി) സഹകരണ മേഖലയിൽ നിന്ന് അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് സഹകരണ സംഘങ്ങളിൽ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ അഴിമതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണം നടത്തുന്നതിന് ആറു മേഖലകളിലായി ആറു ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) മാരും സംസ്ഥാന തലത്തിൽ ജോയിൻറ് രജിസ്ട്രാർ (വിജിലൻസ്) ഉം ഉൾപ്പെട്ട ഒരു വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ അന്വേഷണം ആവശ്യമായവയിൽ അന്വേഷണങ്ങൾക്കും പരിശോധനകൾക്കും പ്രത്യേക ഉത്തരവു പുറപ്പെടുവിക്കാറുണ്ട്. ഇതിനു പുറമേ ക്രമക്കേടുകളെ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ അഴിമതി കർശനമായി തടയുന്നതിനും അന്വേഷണം നടത്തുന്നതിനും കർശന നടപടികൾ സ്വീകരിക്കുന്നതിനും ഡി.ഐ.ജി. യുടെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

കൂടാതെ ക്രിമിനൽ നടപടികൾ കൂടി എടുക്കത്തക്ക വിധത്തിലും അഴിമതി നടത്തിയതായി കണ്ടുപിടിക്കപ്പെട്ടവരിൽനിന്നും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടി സംഘത്തിൻെറ നഷ്ടപ്പെട്ട ആസ്തികൾ കാലതാമസമില്ലാതെ ഈടാക്കുന്നതിനും ഉതകുന്ന ചട്ടങ്ങൾ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം റഫറൻസിനായി നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249    04.7.07 ൽ മറുപടിക്ക്.

## ഒ.ബി.സി വിദ്യാർത്ഥികൾക്കുള്ള സംവരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എം.എ. സലാം :<br>ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) നരേന്ദ്രൻ കമ്മീഷൻ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഒ.ബി.സി വിദ്യാർത്ഥികൾക്ക് ഡിഗ്രി പോസ്റ്റ് ഗ്രാഡ്വേഷൻ തലത്തിൽ 20% സംവരണം സർക്കാർ ഉത്തരവായെങ്കിലും മൊത്തം സംവരണ ശതമാനം 50%ൽ കൂടിപ്പോയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടില്ലന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ വിദ്യാഭ്യാസ വർഷാരംഭത്തിലെങ്കിലും പ്രസ്തുത സംവരണം ഒ.ബി.സി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ? | (ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ - 250.

4.7.2007-ൽ മറുപടിക്ക്

## അതിവേഗ ട്രെയിൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.ശിവദാസൻ നായർ | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അതിവേഗ ട്രെയിനുകൾ (ബുള്ളറ്റ് ട്രെയിൻ) ക്കുള്ള പാത നിർമ്മിക്കുന്നതിന്റെ സാദ്ധ്യതാ പഠനം എന്നത്തേയ്ക്ക് പൂർത്തിയാകും;<br><br>ബി) പദ്ധതിയുടെ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് എന്താണ്;<br><br>ഡി) 'ഹൈസ്പീഡ് എലിവേറ്റഡ്' ട്രാക്കുകൾ നിർമ്മിക്കുന്നതിനുണ്ടാകുന്ന ചെലവിനെക്കുറിച്ച് വിശദീകരണം നൽകുമോ? | (എ) ,(ബി) & (ഡി)<br>2007-2008 റെയിൽവെ ബഡ്ജറ്റിൽ ഹൈസ്പീഡ് പാസഞ്ചർ കോറിഡോർ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാദ്ധ്യതാ പഠനം നടത്തുവാൻ റെയിൽവെ ഉദ്ദേശിക്കുന്നു. |
| സി) റെയിൽവേ പദ്ധതികൾ സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ, | (സി) കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ നയം രൂപീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 261 04-07-2007-ൽ മറുപടിയ്ക്ക്

## ദേശീയ അന്തർ ദേശീയ നിലവാരത്തിലേക്ക് കായിക പ്രതിഭകളെ ഉയർത്തികൊണ്ട് വരുവാൻ നടപടി

**ചോദ്യം**

ശ്രീ. അൽഫോൺസ് കണ്ണന്താനം:
ശ്രീ. ബി.ഡി.ദേവസ്സി:
ശ്രീ. കെ.കെ.ദിവാകരൻ:
ശ്രീ.എം.കെ.പ്രകാശൻ മാസ്റ്റർ:
ശ്രീമതി.പി.അയിഷാപോറ്റി:

(എ)

ദേശീയ അന്തർദ്ദേശീയ നിലവാരത്തിലേക്ക് നമ്മുടെ കായിക പ്രതിഭകളെ ഉയർത്തി കൊണ്ടു വരുന്നതിന്റെ ഭാഗമായി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)

സംസ്ഥാനത്തെ കായിക താരങ്ങളെ ദേശീയ - അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടു വരുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) സ്പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനം ഗ്രാമതലം വരെ എത്തിക്കുന്നതിന് 2000-ലെ സ്പോർട്ട്സ് ആക്ടിൽ ഭേദഗതി വരുത്തി.

(2) ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയുടെ പുനരാവിഷ്ക്കരണം

(3) സംസ്ഥാനത്ത് 1-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(4) വിഷൻ 2010 എന്ന പേരിൽ 2012-ലെ ഏഷ്യൻ ഗെയിംസും തുടർന്ന് വരുന്ന ഒളിമ്പിക്സ് മത്സരങ്ങളിലും കേരളത്തിൽ നിന്നുള്ള കായിക താരങ്ങളെ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനായി ശാസ്ത്രീയമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

(5) <u>അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>

(a) <u>എച്ച്.എ.ടി.സി. മൂന്നാർ</u>

കായിക താരങ്ങൾക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സമുദ്ര നിരപ്പിൽ നിന്ന് 1600 മീറ്റർ ഉയർന്ന് നിൽക്കുന്ന ഇടുക്കി ജില്ലയിലെ മൂന്നാറിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുന്നതിനായി 7.5 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് പൂർത്തിയായി വരുന്നു. ഇതിനകം 5 കോടി രൂപയോളം ചിലവായിട്ടുണ്ട്. ടി പ്രോജക്ട് തീരുന്നതോടെ അത്‌ലറ്റിക് ട്രാക്ക്, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ കോർട്ടുകൾ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ആവശ്യമായ പാർപ്പിട സൗകര്യം ഇൻഡോർ സ്റ്റേഡിയം എന്നിവ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പ്രോജക്ടിന്റെ പണികൾ വേഗതയോടെ കൂടി നടന്നു വരുന്നു.

(b) <u>അക്വാട്ടിക് കോംപ്ലക്സ് പിരപ്പൻകോട്</u>
5.80 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പ്രോജക്ടിന്റെ പണി ത്വരിത ഗതിയിൽ നടന്നു വരുന്നു. ഇവിടെ റേസിംഗ് പൂൾ, ഡൈവിംഗ് പൂൾ പ്രാക്ടീസ് പൂൾ എന്നിവയുടെ പണി നടന്നു വരുന്നു. ഗ്യാലറിയും വിശാലമായ ഹോസ്റ്റൽ സൗകര്യവും പ്രോജക്ടിന്റെ ഭാഗമാണ്.

(c) <u>ഡിസ്ട്രിക്ട് സ്പോർട്ട്സ് കോംപ്ലക്സ് ആറ്റിങ്ങൽ</u>
2006-ൽ പണി ആരംഭിച്ച 3.5 കോടി രൂപയുടെ ഈ പ്രോജക്ടിന്റെ ഭാഗമായി അന്തർദ്ദേശീയ നിലവാരത്തിലുള്ള ട്രാക്ക് വിവിധ കായിക ഇനങ്ങൾ സംഘടിപ്പിക്കുന്നതിന് വിശാലമായ കളിസ്ഥലങ്ങൾ, ഇൻഡോർ സ്റ്റേഡിയം പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും ഉള്ള താമസ സൗകര്യങ്ങൾ എന്നിവയുണ്ട്.

(d) <u>കൊച്ചിയിലെ സിന്തറ്റിക് ട്രാക്ക്</u>
പണി ഏകദേശം പൂർത്തിയായി കഴിഞ്ഞ ടി പ്രോജക്ടിന്റെ അവസാന ഘട്ടം പണിയായ സിന്തറ്റിക് ട്രാക്കിന്റെ പണി പൂർത്തിയായി വരുന്നു. ഇത് കൂടാതെ ഇടുക്കിയിൽ സൈക്ലിംഗ് വെലോഡ്രോം വോളിബോൾ അക്കാദമി എന്നിവ നിർമ്മിക്കുന്നതിനും നടപടികൾ നടന്നു വരുന്നു.

(6) <u>ക്യാഷ് അവാർഡ്</u>
അന്തർദ്ദേശീയ മത്സര വിജയികൾക്ക് നൽകുന്ന ക്യാഷ് അവാർഡ് തുക 04-06-2007-ലെ 2482/07 പൊ.വി.വ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(7) <u>സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേഖലാ കേന്ദ്രങ്ങൾ</u>
സംസ്ഥാനത്ത് സ്പോർട്ട്സ് രംഗം വികസിപ്പിക്കുന്നതിന് സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ കേരളത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇവയിൽ പ്രധാനമായവ
(1) ചടയമംഗലത്തെ വനിത അത്‌ലറ്റിക് അക്കാഡമി
(2) കൊല്ലത്തെ ഹോക്കിക്ക് വേണ്ടിയുള്ള സിന്തറ്റിക് ടർഫ്
(3) വയനാട് ജില്ലയിൽ അമ്പെയ്ത്ത് കേന്ദ്രം.

| | |
|---|---|
| (ബി) പഞ്ചായത്ത്, കോർപ്പറേഷൻ, മുൻസിപ്പൽ ജില്ലാതലങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകളെ ജനകീയവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഇത് എങ്ങനെ നടപ്പിലാക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) നാമനിർദ്ദേശം വഴി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

S. Malathy
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 252
## 04.07.2007 - ൽ മറുപടിയ്ക്ക്

## സഹകരണ മേഖല വഴിയുള്ള കാർഷിക വായ്പകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. സി.കെ.പി.പത്മനാഭൻ:<br>ശ്രീ. എം.ചന്ദ്രൻ:<br>ശ്രീ. എം.ഹംസ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |

(എ) കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ സഹകരണ മേഖലയ്ക്ക് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ :

(എ) വ്യക്തമാക്കാം.

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക വായ്പാസംഘങ്ങൾ/ബാങ്കുകൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2006-07 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ബഹു. ധനകാര്യവകുപ്പു മന്ത്രി രാജ്യത്തെ കർഷകർക്ക് 7% പലിശ നിരക്കിൽ ഹ്രസ്വകാലവായ്പകൾ ലഭ്യമാക്കുമെന്ന തീരുമാനം പ്രഖ്യാപിക്കുകയും അതിനനുസൃതമായി നബാർഡ് പുനർവായ്പ പദ്ധതി പ്രകാരം 2006-07 ൽ 2.5% നിരക്കിലും 2007-08 ൽ 3% നിരക്കിലും 2008-09 ൽ 3.5% നിരക്കിലും 2009-2010-ൽ 4% നിരക്കിലും സംസ്ഥാന സഹകരണ ബാങ്ക് മുഖേന വായ്പകൾ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. നബാർഡ് കർഷകർക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾ

7% നിരക്കിൽ ലഭ്യമാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനായി വയനാട്, കാസർകോട്, പാലക്കാട്, കോട്ടയം എറണാകുളം ജില്ലകളൊഴികെയുള്ള മറ്റെല്ലാ ജില്ലകളിലും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ ബാങ്കുകൾ മുഖേന ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ 5.5% നിരക്കിലും ഒരു ലക്ഷത്തിനുമേൽ മൂന്നു ലക്ഷം വരെ 6% നിരക്കിലും നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ കാർഷികവായ്പകൾ നൽകുന്നതു മൂലം സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് വയനാട്, കാസർകോട് ജില്ലകൾക്കും, നബാർഡിൽ നിന്നും പുനർവായ്പ ലഭിക്കാതെ സ്വന്തം ഫണ്ടിൽ നിന്നും വായ്പകൾ നൽകിവരുന്ന പാലക്കാട്, എറണാകുളം, കോട്ടയം ജില്ലകളിലും 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾ 5.5% നും അതിനു മുകളിൽ ഒരു ലക്ഷം രൂപ വരെ 6% നും ഒരു ലക്ഷത്തിനു മുകളിൽ 3 ലക്ഷം വരെ 7%-നും വിതരണം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നെൽകൃഷി പരിപോഷിപ്പിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ 10,000/- രൂപ മുതൽ 25000/- രൂപ വരെ വായ്പ നൽകുന്നുണ്ട്. ആയതു പ്രകാരം 10,000/- രൂപ വരെ 4% നും 10001-15000 രൂപ വരെയുള്ള വായ്പകൾ-4.5% നിരക്കിലും 15001-20,000 വരെ 5% നും 20001-25,000 വരെ 5.5% നിരക്കിലും വായ്പ നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വിതരണം ചെയ്യുന്ന

| | | | |
|---|---|---|---|
| | | | മൊത്തം വായ്പയുടെ നല്ലൊരു പങ്കും കാർഷിക വായ്പ ആയിരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നൽകുന്ന കാർഷിക വായ്പകൾ ടി ആവശ്യത്തിനു തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും, പരിശോധിക്കുന്നതിനും കാർഷിക ഉല്പാദനം അപ്രകാരം ഉറപ്പാക്കുന്നതിനുമായി, സംഘം തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സഹകരണ ബാങ്ക് പ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | നെൽകൃഷി അഭിവൃദ്ധിപ്പെടുത്താനും കാർഷികാവശ്യങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ യഥാസമയം വായ്പ ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കാർഷിക വായ്പാ സംഘങ്ങൾ ബാങ്കുകൾ വഴി 4% മുതൽ 5.5% പലിശ നിരക്കിൽ 10.000/- രൂപ മുതൽ 25.000/- രൂപ വരെ ലഭ്യമാക്കുന്നതിന് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കേരളത്തിലെ എല്ലാ പ്രാഥമിക സഹകരണസംഘങ്ങളും കാർഷിക വായ്പകൾ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരം സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ ? | (സി) | കുറഞ്ഞ പലിശ നിരക്കിൽ തന്നെ കാർഷിക വായ്പകൾ വിതരണം ചെയ്യണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില സഹകരണ സംഘങ്ങൾ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഘങ്ങൾക്കെതിരെ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ നോട്ടീസുകൾ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 253

4-7-2007-ൽ മറുപടിക്ക്

## കെ.ഇ.ആർ. വ്യവസ്ഥകൾക്കു വിധേയമായി നിയമിച്ചവർക്ക് നിയമന അംഗീകാരവും വേതനവും ലഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ടി. അഹമ്മദ് അലി<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| **(എ)** സംസ്ഥാനത്ത് കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ (2006-07) സർക്കാർ സ്കൂളുകളിൽ ഹയർലെവൽ വെരിഫിക്കേഷൻ കഴിഞ്ഞതിന് ശേഷം കെ.ഇ.ആർ പ്രകാരം അംഗീകാരം കിട്ടിയ തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കാതിരുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | **(എ)** ഉണ്ട്. |
| **(ബി)** എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | **(ബി)** 17/5/05-ലെ സർക്കാർ ഉത്തരവ് നം.(പി)317/05/ പൊ.വി.വ. പ്രകാരം 2006-07മുതൽ അഡീഷണൽ ഡിവിഷൻ ഒഴിവുകളിലെ നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** എയിഡഡ് സ്കൂളുകളിൽ കെ.ഇ.ആർ വ്യവസ്ഥകൾക്കു വിധേയമായി നിയമിച്ചവർക്ക് നിയമന അംഗീകാരവും വേതനവും കിട്ടാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | **(സി)** കെ.ഇ.ആർ. വ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി നിയമിക്കപ്പെട്ടവർക്ക് നിയമനാംഗീകാരവും വേതനവും ലഭിക്കാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായുള്ള നിയമനം, മാനേജ്മെന്റ് തർക്കം, ഉത്തരവുകളിൽ സ്പഷ്ടീകരണം ആവശ്യമായിവരിക, കേസുകളും അപ്പീലുകളും നിലനിൽക്കുക, തുടങ്ങിയ കാരണങ്ങൾകൊണ്ടു നിയമനാംഗീകാരവും വേതനവും ലഭിക്കുന്നതിൽ തടസ്സം നേരിടാറുണ്ട്. |
| **(ഡി)** ഈ അദ്ധ്യയന വർഷത്തിൽ(2007-08) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ? | **(ഡി)** ഡിപ്പാർട്ടുമെന്റ് തലത്തിൽ തീർപ്പാക്കാൻ ഉള്ള കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് പോലുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട — 4.7.2007-ൽ മറുപടിക്ക്

ചോദ്യം നമ്പർ- T. 254.

റെയിൽവേ വഴിയുള്ള കള്ളക്കടത്തും മറ്റു കുറ്റകൃത്യങ്ങളും തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് റെയിൽവേ യാത്രക്കിടയിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന്റെ അധികാരം എന്തെന്ന് വ്യക്തമാക്കുമോ; | എ) | ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ബന്ധപ്പെട്ട കോടതികൾ മുമ്പാകെ കുറ്റപത്രം സമർപ്പിക്കുന്നുണ്ട്. റെയിൽവേ യാത്രക്കാർക്ക് യാത്രാമദ്ധ്യേ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തിരുവനന്തപുരം റെയിൽവേ പോലീസ് സൂപ്രണ്ട് ആഫീസിൽ പ്രവർത്തിച്ചുവരുന്ന "Rail Alert System" വുമായി മൊബൈൽ ഫോൺ മുഖേന ബന്ധപ്പെടാവുന്നതാണ്. (Phone-No.9846200100) |
| ബി) | റെയിൽവേ യാത്രക്കിടയിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ പ്രത്യേകമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) | പ്രത്യേക സംവിധാനം നിലവിലില്ല. |
| സി) | റെയിൽവെ വഴിയുള്ള കള്ളക്കടത്തും മറ്റു കുറ്റകൃത്യങ്ങളും തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ? | സി) | കേരളത്തിൽകൂടി ഓടുന്ന എല്ലാ ട്രെയിനുകളിലും Mop, Beat ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ അയക്കുന്നുണ്ട്. ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് പ്രോസിക്യൂഷൻനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.255** — **04.07.2007-ൽ മറുപടിക്ക്**

## റവന്യൂ വകുപ്പിൽ നിന്നും നൽകിവരുന്ന സർട്ടിഫിക്കറ്റുകളുടെ കാലാവധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് എം.എൽ.എ<br>ശ്രീ.വി സുരേന്ദ്രൻ പിള്ള എം.എൽ.എ<br>ശ്രീ പി ജെ ജോസഫ് എം.എൽ.എ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | റവന്യൂ വകുപ്പിൽ നിന്നും നൽകിവരുന്ന സർട്ടിഫിക്കറ്റുകൾക്ക് എത്ര നാളത്തെ പ്രാബല്യമാണ് ഉണ്ടായിരുന്നത്? | എ) | റവന്യൂ വകുപ്പിൽ നിന്നും നൽകി വന്നിരുന്ന സർട്ടിഫിക്കറ്റുകൾ ഓരോ പ്രത്യേക ആവശ്യത്തിനും അനുവദിച്ചിരുന്നതി[redacted] നാൽ പ്രത്യേക സാധുതാ കാലയളവ് നിശ്ചയിച്ചിരുന്നില്ല. ഇത്തരം സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമെ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. |
| ബി) | ഇതിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ബി) | ഉണ്ട്<br>27.04.2007 ലെ സാ ഉ (ആർ ടി) നം 136/07/ആർ ഡി ഉത്തരവ് പ്രകാരം റവന്യൂ ഓഫീസുകളിൽ നിന്ന് നൽകി വരുന്ന സർട്ടിഫിക്കറ്റുകൾ അതിൽപ്പറയുന്ന സാധുതാ കാലയളവ് നിശ്ചയിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | ഓരോ സർട്ടിഫിക്കറ്റിന്റെയും കാലാവധി അതത് സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ് |
| ഡി) | സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുന്ന നടപടിക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ? | ഡി) | ചില പരാതികൾ ലഭിച്ചിട്ടുണ്ട് |
| ഇ) | എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | ഇ) | സർട്ടിഫിക്കറ്റിന്റെ കാലാവധി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

## സത്യപ്രസ്താവന

മുകളിൽ കൊടുത്തിട്ടുള്ള വസ്തുതകളും വിവരങ്ങളും സമ്പൂർണ്ണവും സത്യവുമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. അപൂർണ്ണമോ അസത്യമോ ആയി കാണുന്ന പക്ഷം തന്മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം എന്നിൽ നിന്നും എന്റെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നും ഈടാക്കുന്നതിനും ഈ അടിസ്ഥാനത്തിൽ നൽകുന്ന സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിനും ഇതുമൂലം ലഭിച്ച ആനുകൂല്യം നിഷേധിക്കുന്നതിനും ഞാൻ പൂർണ്ണമായും സമ്മതിക്കുന്നു.

അപേക്ഷകന്റെ പേരും ഒപ്പും

---

*പ്രത്യേക കുറിപ്പ്:*—ഖണ്ഡിക ഒന്നിൽ ജാതി സർട്ടിഫിക്കറ്റും രണ്ടിൽ വരുമാന സർട്ടിഫിക്കറ്റും മൂന്നിൽ വൈവാഹിക സ്ഥിതി സംബന്ധിച്ച സർട്ടിഫിക്കറ്റും നാലിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റും അഞ്ചിൽ ഇൻഡിജന്റ് (നിർധനൻ) സർട്ടിഫിക്കറ്റും ആറിൽ ഡെസ്റ്റിറ്റ്യൂട്ട് (അഗതി) സർട്ടിഫിക്കറ്റും ഏഴിൽ റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റും എട്ടിൽ റസിഡൻസ് സർട്ടിഫിക്കറ്റും ഒൻപതിൽ വിധവാ സർട്ടിഫിക്കറ്റും പത്തിൽ പുനർ വിവാഹസ്ഥിതി സംബന്ധിച്ച സർട്ടിഫിക്കറ്റുമാണ് പരാമർശിച്ചിരിക്കുന്നത്. അപേക്ഷിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് അനുസൃതമായ വിവരങ്ങൾ മാത്രം അപേക്ഷകൻ നൽകിയാൽ മതിയാകും.

അനുബന്ധം

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്—വില്ലേജ്/താലൂക്ക്/ആർ. ഡി. ഒ. ഓഫീസുകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് സാധുതാകാലയളവ് നിശ്ചയിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും ഉത്തരവാകുന്നു

---

## റവന്യൂ (റ്റി) വകുപ്പ്

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 136/07/ആർ.ഡി. തിരുവനന്തപുരം, 2007 ഏപ്രിൽ, 27.

---

പരാമർശം:—1. 30-9-2003-ലെ സ.ഉ. (കയ്യെ.) നം. 317/03/ആർഡി.

2. 16-12-2005-ലെ സ.ഉ. (കയ്യെ.) നം. 391/05/ആർഡി.
3. 28-10-2006-ലെ സ.ഉ. (കയ്യെ.) നം. 304/06/ആർഡി.
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 23-8-2006, 28-11-2006 എന്നീ തീയതികളിലെ എൽ. ആർ. എ2. 29290/06 നമ്പർ കത്തുകൾ.

## ഉത്തരവ്

നിലവിലുള്ള നിയമപ്രകാരം വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ. ഓഫീസുകളിൽനിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. പൊതുജനങ്ങൾക്ക് ഇതുമൂലം പലപ്രാവശ്യം വില്ലേജ്/താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിവരുന്നുണ്ട്. ഇത്, ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മറ്റുപിന്നോക്ക സമുദായത്തിൽപ്പെട്ടവർ, സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവരാണ് ഇതിൽ ഭൂരിഭാഗവും. ഇപ്പോഴത്തെ രീതി റവന്യൂ ഓഫീസുകളിൽ ജോലിഭാരം കൂട്ടുന്നതായും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനു കാലതാമസത്തിന് ഇടയാക്കുന്നതായും കാണുന്നു.

2. പൊതുജനങ്ങൾക്കുണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനുമായി വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ. ഓഫീസുകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് സാധുതാകാലയളവ് പുതുക്കി നിശ്ചയിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള അധികാരം പുനഃക്രമീകരിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറിൽനിന്നും സർക്കാർ നിർദ്ദേശങ്ങൾ സ്വീകരിക്കുകയുണ്ടായി.

GCPT. 3/1948/2007-DTP.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിന് ജനങ്ങൾക്ക് നിലവിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ. ഓഫീസുകളിൽ നിന്നു നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് അനുബന്ധത്തിൽ പരാമർശിക്കുന്നപ്രകാരം സാധുതാ കാലയളവ് പുതുക്കി നിശ്ചയിച്ചും മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം അനുബന്ധം രണ്ടിൽ വിശദമാക്കിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് നൽകിക്കൊണ്ടും ഉത്തരവാകുന്നു. കൂടാതെ നിശ്ചിത കാലയളവ് പറഞ്ഞിട്ടില്ലാത്ത സർട്ടിഫിക്കറ്റുകൾക്ക് അതാത് ആവശ്യങ്ങൾക്ക് നൽകുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള നിലവിലുള്ള രീതിയും അതോടൊപ്പംതന്നെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കും സംസ്ഥാനാന്തര ആവശ്യങ്ങൾക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നിലവിലുള്ള സമ്പ്രദായവും തുടരുന്നതുമാണ്.

4. സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ അപേക്ഷ സമർപ്പിക്കുന്ന ആൾ ബോധിപ്പിക്കുന്ന വിവരങ്ങൾ സംബന്ധിച്ച് സത്യവാങ്മൂലം നൽകേണ്ടതാണ്. തെറ്റായ വിവരങ്ങൾ നൽകിയാൽ അപേക്ഷകനെതിരെ യുക്തമായ നടപടി സ്വീകരിക്കുന്നതിനും സർട്ടിഫിക്കറ്റ് റദ്ദുചെയ്യുന്നതിനും സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. മാതൃകാ അപേക്ഷാഫോറം അനുബന്ധം രണ്ട് ആയി ചേർത്തിട്ടുണ്ട്. അപേക്ഷിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് അനുസൃതമായ വിവരങ്ങൾ മാത്രം അപേക്ഷകൻ നൽകിയാൽ മതിയാകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. നിവേദിത പി. ഹരൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും, തഹസിൽദാർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ (മാധ്യമങ്ങൾക്കു നൽകുന്നതിന്).
ധനകാര്യ നിയമ വകുപ്പ് ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്.
മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പൊതുഭരണ (എസ്. സി.) വകുപ്പ്.
സംഭരണ ഫയൽ/ഓഫീസ് കോപ്പി.



(ബി) വരുമാനം

| ഭൂമിയിൽ നിന്നുള്ള വരുമാനം | ശമ്പളം | കച്ചവടം | കൂലിവേല | വിദേശത്ത് ജോലിയുള്ളവരുടെ വരുമാനം | വാടക | മറ്റിനങ്ങൾ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | ആകെ | |

3. അപേക്ഷകൻ/അപേക്ഷക വിവാഹിതൻ/വിവാഹിത ആണ്/അല്ല എന്ന സാക്ഷ്യപത്രം.

4. അപേക്ഷകൻ/അപേക്ഷക കേരളത്തിൽ.......................................................... ജില്ലയിൽ ജനിച്ചുവളർന്നയാളാണ് എന്ന സാക്ഷ്യപത്രം.

5. അപേക്ഷകൻ/അപേക്ഷക നിർധനൻ/നിർധന ആണ് എന്ന സാക്ഷ്യപത്രം.

6. അപേക്ഷകൻ/അപേക്ഷക അഗതിയാണ് എന്ന സാക്ഷ്യപത്രം.

7. അപേക്ഷകൻ/അപേക്ഷക..........................................................
താലൂക്കിൽ...............................വില്ലേജിൽ...........................................................വീട്ടിൽ
ശ്രീ./ശ്രീമതി.............................................................................................മകൻ/മകൾ
...........................ന്റെ..........................................ആണ് എന്ന സാക്ഷ്യപത്രം.

8. അപേക്ഷകൻ/അപേക്ഷക മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലെ സ്ഥിര താമസക്കാരനാണെന്ന സാക്ഷ്യപത്രം.

9. അപേക്ഷകൻ/അപേക്ഷക വിധവയാണെന്ന സാക്ഷ്യപത്രം.

10. അപേക്ഷകൻ/അപേക്ഷക പുനർവിവാഹിതൻ/വിവാഹിത അല്ല എന്ന സാക്ഷ്യപത്രം.

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ്

അനുബന്ധം രണ്ട്

## സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷാഫോറം

.............................................ജില്ലയിൽ.............................................
താലൂക്കിൽ.............................................വില്ലേജിൽ.............................................
വീട്ടിൽ ശ്രീ./ശ്രീമതി.............................................മകൻ/മകൾ/
ഭർത്താവ്/ഭാര്യ.............................................സമർപ്പിക്കുന്ന
അപേക്ഷ. എനിക്കുവേണ്ടി/എന്റെ.............................................ആയ
ശ്രീ./ശ്രീമതി/കുമാരി.............................................നുവേണ്ടി താഴെ
പറയുന്ന സർട്ടിഫിക്കറ്റ്/സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് അപേക്ഷിക്കുന്നു:

1. അപേക്ഷകൻ/അപേക്ഷകയായ ഞാനും കുടുംബവും.............................................
മതാചാരപ്രകാരം ജീവിച്ചുവരുന്നതും.............................................
ജാതിയിലും.............................................വിഭാഗത്തിൽപ്പെടുന്നയാളുമാണ്
എന്ന സാക്ഷ്യപത്രം.

2. അപേക്ഷകന്/അപേക്ഷകയ്ക്ക്.............................................രൂപ (.............................................
.............................................രൂപ മാത്രം)
വാർഷികവരുമാനമുണ്ട് എന്ന സാക്ഷ്യപത്രം.

(എ) അപേക്ഷകന്റെയും അയാളുടെ കുടുംബാംഗങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിവരണം

| അപേക്ഷകനുമായുള്ള ബന്ധം | ഭൂമിയുടെ വിവരണം | | | | |
|---|---|---|---|---|---|
| | താലൂക്ക് | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ/ആർ) | നിലം/പുരയിടം |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |



അനുബന്ധം ഒന്ന്

## വില്ലേജ് ആഫീസർ/തഹസിൽദാർ/റവന്യൂ ഡിവിഷണൽ ആഫീസർ വിവിധ ആവശ്യങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ

| ക്രമ നമ്പർ | സർട്ടിഫിക്കറ്റിന്റെ പേര് | സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ: സംസ്ഥാന വശ്യത്തിന് | സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ: സംസ്ഥാനേതര ആവശ്യത്തിന് | സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ജാതി സർട്ടിഫിക്കറ്റ് | | | |
| | (എ) പട്ടികജാതി | തഹസിൽദാർ | തഹസിൽദാർ | കോടതിവിധിമൂലം റദ്ദ് ചെയ്യാത്ത പക്ഷം ... |
| | (ബി) പട്ടികവർഗ്ഗം | തഹസിൽദാർ | തഹസിൽദാർ | |
| | (സി) ഇതര സമുദായം | വില്ലേജ് ആഫീസർ | തഹസിൽദാർ | |
| 2 | അഗതി സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | 3 വർഷം |
| 3 | ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | 3 വർഷം |
| 4 | വരുമാന സർട്ടിഫിക്കറ്റ് | വില്ലേജ് | തഹസിൽദാർ ആഫീസർ | 36,000 രൂപവരെ 1 വർഷം, 36,000 രൂപയ്ക്ക് മുകളിൽ നിലവിലുള്ള വ്യവസ്ഥ തുടരുന്നു |
| 5 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | 10 വർഷത്തേക്ക് |
| 6 | റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |

5255

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7 | നേറ്റിവിറ്റി/ ഡൊമിസൈൽ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | ജീവിതകാലത്തേക്ക് |
| 8 | ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | | | |
| | (എ) ഭാര്യ/ഭർത്താവ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| | (ബി) മറ്റുള്ളവർ | വില്ലേജ് ആഫീസർ | തഹസിൽദാർ | ആജീവനാന്തം |
| 9 | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 10 | അനന്തരാവകാശ സർട്ടിഫിക്കറ്റ് 1 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് | തഹസിൽദാർ | തഹസിൽദാർ | ആജീവനാന്തം |
| 11 | പൊസഷൻ ആൻഡ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 12 | സോൾവൻസി സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ (5 ലക്ഷം വരെ) തഹസിൽദാർ (5 ലക്ഷത്തിനു മുകളിൽ) | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 13 | പൊസഷൻ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 14 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ (5 ലക്ഷം വരെ) തഹസിൽദാർ (5 ലക്ഷത്തിനു മുകളിൽ) | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 15 | വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 16 | വിധവ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 17 | നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 18 | നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 19 | ഡിപ്പൻഡൻസി സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 20 | ലൈഫ് സർട്ടിഫിക്കറ്റ് | വില്ലേജ് ആഫീസർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 21 | കൺവെർഷൻ സർട്ടിഫിക്കറ്റ് | തഹസിൽദാർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 22 | ഇന്റർകാസ്റ്റ് മാര്യേജ് സർട്ടിഫിക്കറ്റ് | തഹസിൽദാർ | തഹസിൽദാർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |
| 23 | ഇൻഡിജന്റ് സർട്ടിഫിക്കറ്റ് | റവന്യൂ ഡിവിഷണൽ ഓഫീസർ | റവന്യൂ ഡിവിഷണൽ ആഫീസർ | പ്രത്യേക ആവശ്യത്തിനുവേണ്ടി |

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 256

## 04.07.2007 - ൽ മറുപടിക്ക്

## സംസ്ഥാന സഹകരണ വകുപ്പിന്റെ അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴിക്കാടൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാന സഹകരണ വകുപ്പിന്റെ അധീനതയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾനിലവിലുണ്ട്; അവയുടെ പേര്നിലവിലുള്ള കോഴ്സ് എന്നിവയുടെവിശദാംശം ലഭ്യമാക്കാമോ; | എ) | സഹകരണ വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ 93 സഹകരണ പാരലൽ കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട് അവയുടെ ലിസ്റ്റ് അനുബന്ധം1 ആയി ചേർത്തിട്ടുണ്ട്. കൂടാതെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ 5 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽ കോളേജും അതിനോടനുബന്ധിച്ച് ഒരു നഴ്സിംഗ് സ്കൂളും പ്രവർത്തിക്കുന്നുണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽസർവീസസ് ലി. നം.4386എന്ന സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ പരിയാരത്ത് അക്കാഡമി ഓഫ് മെഡിക്കൽ സയൻസ് എന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ ഒരു മെഡിക്കൽ കോളേജും പ്രവർത്തിച്ചുവരുന്നുണ്ട്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ കീഴിൽ പ്രവർത്തിക്കുന്ന കോളേജുകളുടെയും നടത്തുന്ന കോഴ്സുകളുടെയും വിവരം അനുബന്ധം 2 |

| | | | |
|---|---|---|---|
| | | | ആയി ചേർക്കുന്നു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആൻറ് അഡ്വാൻസ്ഡ് മെഡിക്കൽ സർവീസസ് ലിമിറ്റഡിൻെറ കീഴിൽ നടത്തി വരുന്ന കോഴ്സുകളുടെ വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. കൂടാതെ പ്രാഥമിക ആശുപത്രിസംഘങ്ങളുടെ അപെക്സ് ഫെഡറേഷനായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻെറ കീഴിൽ ഒരു നേഴ്സിംഗ്കോളേജും, ഒരു കോളേജ് ഓഫ് ഫിസിയോ തെറാപ്പിയും പ്രവർത്തിക്കുന്നുണ്ട്. അവയിൽ യഥാക്രമം ബി.എസ്.സി. നഴ്സിംഗ്<br>കോഴ്സും, ഫിസിയോ തെറാപ്പി കോഴ്സും നടത്തിവരുന്നു. സഹകരണ മേഖലയിൽ നഴ്സിംഗ് കോഴ്സ് നടത്തുന്ന മറ്റു സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 4 ആയി<br>ചേർത്തിരിക്കുന്നു. |
| ബി) | പ്രസ്തുത സ്വാശ്രയസ്ഥാപനങ്ങൾ തലവരിപ്പണം സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സുകൾക്ക് തലവരിപ്പണം സ്വീകരിക്കുന്നുണ്ട്; | ബി) | പ്രസ്തുത സ്വാശ്രയ സ്ഥാപനങ്ങൾ ഒന്നും തന്നെ തലവരിപ്പണം സ്വീകരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| സി) | ഈ സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശിച്ച ഫീസ് ഘടന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ? | സി) | ടി സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ഫീസ് ഘടനയാണ് നടപ്പാക്കുന്നത്.<br>2007-2008 വർഷത്തേയ്ക്കുള്ള ഫീസ് ഘടന സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം റഫറൻസിനായി നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## <u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 257</u>

## <u>04.07.2007 - ൽ മറുപടിയ്ക്ക്</u>

## <u>സഹകരണ ആക്ട് പരിഷ്കരിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോർജ്ജ് എം.തോമസ് :<br>ശ്രീ. എം.എം.മോനായി:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. സി.എം.ദിനേശ് മണി:<br>ശ്രീ. എ.സി.മൊയ്തീൻ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ ആക്ടിലും റൂളിലും കാലോചിതമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു ; | (എ) സഹകരണ ആക്ടിലും റൂളിലും കാലോചിതമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സഹകരണ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യ വൽക്കരിക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ നിയമഭേദഗതികൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സംസ്ഥാനസഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഇ.നാരായണൻ ചെയർമാനായും, പാലക്കാട് ജില്ലാ സഹകരണബാങ്ക് പ്രസിഡന്റ് ശ്രീ. പി.എ.ഉമ്മർ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. നളന്ദഗോപാലകൃഷ്ണൻ നായർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്. |

2571(1)

| | | | |
|---|---|---|---|
| (ബി) | സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ; ഓഡിറ്റ്, തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങളിൽ മാത്രം രജിസ്ട്രാർക്ക് അധികാരം നൽകുന്നതിനും, മറ്റു കാര്യങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിക്കു തീരുമാനമെടുത്തു പ്രവർത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) | 1969 ലെ കേരള സഹകരണ സംഘങ്ങൾ നിയമം പ്രകാരം ഭരണസമിതിക്ക് നിയമത്തിനും ചട്ടത്തിനും ബാങ്കിന്റെ ബൈലോയ്ക്കും വിധേയമായി പ്രവർത്തിക്കുന്നതിന് അധികാരമുണ്ട്. എന്നാൽ തങ്ങളുടെ പ്രവർത്തനം നിയമത്തിനും ചട്ടത്തിനും ബൈലോയ്ക്കും സർക്കാർ ഉത്തരവുകൾക്കും രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കും വിരുദ്ധമാകുമ്പോൾ മാത്രമാണ് സഹകരണസംഘം രജിസ്ട്രാർ സാധാരണയായി കേരള സഹകരണ സംഘങ്ങൾ നിയമത്തിലും ചട്ടത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നടപടി സ്വീകരിക്കുന്നത്. |
| (സി) | സംഘങ്ങളുടെ 'ക്ലാസിഫിക്കേഷൻ നോംസ്' ശാസ്ത്രീയമായി വിലയിരുത്തി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | നടപടി സ്വീകരിക്കും. പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ നോംസ് ശാസ്ത്രീയമായി വിലയിരുത്തി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും ഓഡിറ്റ് സംവിധാനം ശാസ്ത്രീയമാക്കാനും നടപടി സ്വീകരിക്കുമോ ? | (ഡി) | സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളുടെ ആധുനികവൽക്കരണം കമ്പ്യൂട്ടറൈസേഷൻ എന്നിവയുടെ ഭാഗമായി ഓഡിറ്റ് സംവിധാനത്തിൽ കാലോചിതമായ പരിഷ്കരണം നടത്തുന്നതിന്റെ ഭാഗമായി ഓഡിറ്റ് മാനുവൽ പരിഷ്കരിക്കുന്നതിന് സഹകാരികൾ, ഉദ്യോഗസ്ഥർ, സാങ്കേതികവിദഗ്ദ്ധർ, എന്നിവർ ഉൾക്കൊള്ളുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## 5-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 258**
**04.07.2007 - ൽ മറുപടിക്ക്**

## നബാർഡിന്റെ കാർഷിക വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ജെ.ജേക്കബ് :<br>ശ്രീ. സി.കെ.പി.പത്മനാഭൻ:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. പി.കൃഷ്ണപ്രസാദ് :<br>ശ്രീ. എം.ചന്ദ്രൻ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) നെൽകൃഷി കർഷകർക്ക് നാലു ശതമാനം നിരക്കിൽ സഹകരണ സംഘങ്ങളിലൂടെ വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആകെ എന്തു തുകയാണ് ഇപ്രകാരം വായ്പയായി നൽകുന്നത് ; | (എ) നെൽകൃഷിക്കാർക്ക് നാലു ശതമാനം നിരക്കിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകളിലൂടെ നെൽകൃഷിക്ക് വായ്പ നൽകാൻ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 10000 രൂപ വരെ നാലു ശതമാനം നിരക്കിലും 10001 രൂപ മുതൽ 15000 രൂപ വരെ 4.5% നിരക്കിലും 15001 രൂപ മുതൽ 20000 രൂപ വരെ 5% നിരക്കിലും 20001 രൂപ മുതൽ 25000 രൂപ വരെ 5.5% നിരക്കിലും നെൽകൃഷിക്ക് വായ്പ നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മറ്റ് കാർഷിക വായ്പകൾക്ക് 50,000 രൂപയ്ക്ക് 6% നിരക്കിലും 50,001 മുതൽ 1,00,000 രൂപ വരെ 6.5% നിരക്കിലും ഒരു ലക്ഷത്തിനു മുകളിൽ 7% നിരക്കിലുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| പാലക്കാട്, കോട്ടയം, എറണാകുളം ജില്ലാ സഹകരണ ബാങ്കുകൾക്ക് പുനർവായ്പ നൽകുന്നതു നിറുത്തിവച്ച നബാർഡിന്റെ തീരുമാനം പുനഃപരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; | (ബി) | പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകൾ ട്രഷറി നിക്ഷേപം നടത്തി എന്ന കാരണത്താലാണ് നബാർഡ് പുനർവായ്പ നിറുത്തി വച്ചിരിക്കുന്നത്. ഈ നിയന്ത്രണം മാറ്റണമെന്ന് നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലാ സഹകരണ ബാങ്ക് ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വകുപ്പ് 11(1) പാലിക്കുന്നില്ലെന്ന കാരണത്താലാണ് നബാർഡ് പുനർവായ്പ നിറുത്തിയത്. കോട്ടയം ജില്ലാ ബാങ്കിന് ഇളവ് നൽകണമെന്ന് നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| കാർഷിക വായ്പകൾക്ക് പലിശ ഇളവു നൽകിയ ഇനത്തിൽ നബാർഡിൽ നിന്നും ലഭിക്കാനുണ്ടായിരുന്ന തുകലഭിച്ചിട്ടുണ്ടോ ? | (സി) | 2005-06 വർഷം സ്വന്തം ഫണ്ടിൽ നിന്ന് വിതരണം ചെയ്ത കാർഷിക വായ്പയ്ക്ക് 2% പലിശ ഇളവ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 259 — 4.7.2007 ൽ മറുപടിയ്ക്ക്

## സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.എ.സി.മൊയ്തീൻ :<br>ശ്രീ.ആർ.സെൽവരാജ് :<br>ശ്രീ.എ.എം.യൂസഫ് : | ശ്രീ.കെ.പി.രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | എ) സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി ഭരണപരവും മറ്റും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ മുഖ്യമായും താഴെപ്പറയുന്നവയാണ്.<br><br>1. പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പദ്ധതികളുടെ നിർവ്വഹണം മേൽനോട്ടം വഹിക്കുന്നതിനും മുഖ്യമന്ത്രി ചെയർമാനായി സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മറ്റി<br><br>2. പദ്ധതികൾ പരിശോധിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും അംഗീകാരം നൽകുന്നതിനുമായി ഒരു സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മറ്റി<br><br>3. പദ്ധതികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മേൽപ്പറഞ്ഞ കമ്മറ്റികൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതികളുടെ ധനവിനിയോഗം പരിശോധിക്കുന്നതിനുമായി ഒരു പ്രോജക്റ്റ് മാനേജ്മെൻറ് യൂണിറ്റ്<br>4. ഭരണ നിർവ്വഹണ വകുപ്പുകളിൽ പദ്ധതി പ്രായോഗികമായി നടപ്പിലാക്കുന്നതിന് വേണ്ടി ഒരു പദ്ധതി നിർവ്വഹണ യൂണിറ്റ് |

| | | | |
|---|---|---|---|
| | | | ഇവയ്ക്കു പുറമേ ഗവൺമെൻറ് തലത്തിൽ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും കേന്ദ്ര ഗവൺമെൻറിനും എ.ഡി.ബിയ്ക്കും പദ്ധതി നിർദ്ദേശങ്ങളും മറ്റും സമർപ്പിക്കുന്നതിനായി ഒരു റ്റി.ആർ.പി.സെൽ പ്രവർത്തിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി | പുനരധിവാസ പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | ബി | സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിലെ വിവിധ വകുപ്പുകൾക്ക് മാറ്റി വച്ചിട്ടുള്ള തുക അനുബന്ധമായി ചേർത്തിരിക്കുന്നു. പദ്ധതികൾ ഭരണ നിർവ്വഹണ വകുപ്പുകളാണ് വിഭാവന ചെയ്യുന്നത്. |
| സി | സുനാമി ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഈ സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകി : | സി | സുനാമി ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് മുൻപ് നൽകിയ ധനസഹായങ്ങൾക്ക് പുറമേ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ലക്ഷം രൂപകൂടി അനുവദിച്ചിട്ടുണ്ട്. |
| ഡി | രക്ഷിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | ഡി | സുനാമി ദുരന്തത്തിൽ ഏതെങ്കിലും ഒരു രക്ഷകർത്താവ് (അമ്മയോ അച്ഛനോ) മരിച്ചാൽ കുട്ടിയുടെ പേരിൽ 51,000/- രൂപ ബാങ്കിൽ നിക്ഷേപിച്ച് അതിൽ നിന്നുള്ള പലിശ ജീവിച്ചിരിക്കുന്ന മാതാപിതാക്കൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഈ തുക കുട്ടിയ്ക്ക് ലഭിക്കുന്നതാണ്. |
| ഇ | സുനാമി ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം എന്തു തുക ചെലവായി എന്നു വ്യക്തമാക്കുമോ ? | ഇ | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിന്റെ (TRP) മേഖല / വകുപ്പ് തിരിച്ചുള്ള നീക്കിയിരുപ്പ്

| ക്രമ നമ്പർ | മേഖല / വകുപ്പ് | ഇനം | തുക രൂപ കോടിയിൽ |
|---|---|---|---|
| 1 | ഭവന നിർമ്മാണം | തകർന്ന വീടുകൾ | 45. 54 |
| 2 | മത്സ്യബന്ധനം, മത്സ്യബന്ധന തുറമുഖങ്ങൾ | 1. മത്സ്യബന്ധനമേഖലയിലെ ജീവനോപാധികളുടെ പുനർനിർമ്മാണം<br>2. മത്സ്യബന്ധന തുറമുഖങ്ങളുടെ പുനർനിർമ്മാണം | 64.85<br>97.97<br>162. 82 |
| 3 | മൃഗസംരക്ഷണവും കൃഷിയും | 1. കൃഷി<br>2. മൃഗസംരക്ഷണം | 07.83<br>15.00<br>22. 83 |
| 4 | തുറമുഖങ്ങളും ജെട്ടികളും | | 44. 02 |
| 5 | റോഡുകളും പാലങ്ങളും | 1. റോഡുകളും പാലങ്ങളും<br>2. ഗ്രാമീണ റോഡുകൾ | 70.51<br>22.00<br>92. 51 |
| 6 | വിദ്യുച്ഛക്തി | | 73. 00 |
| 7 | ശുദ്ധജല വിതരണവും ശുചീകരണവും | | 132. 17 |

| | | | |
|---|---|---|---|
| 8 | സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ | 1. ആരോഗ്യ കേന്ദ്രങ്ങളുടെ പുനർ നിർമ്മാണം | 06.00 |
| | | 2. ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം | 02.00 |
| | | 3. ജലജന്യ രോഗങ്ങളുടെ നിയന്ത്രണവും പൊതുജനാരോഗ്യവും | 00.30 |
| | | 4. തീരദേശത്തെ സമഗ്ര ആരോഗ്യ വികസനം | 65.81 |
| | | 5. അംഗനവാടികളുടെ പുനർനിർമ്മാണം | 05.60 |
| | | 6. സഹകരണ മേഖല | 18.87 |
| | | 7. സാമൂഹ്യക്ഷേമ പദ്ധതികൾ | 5.30 |
| | | 8. സ്കൂളുകൾ, ലൈബ്രറികൾ, റിക്രിയേഷൻ ക്ലബ്ബുകൾ എന്നിവയുടെ നിർമ്മാണം | 42.50 |
| | | | **146.18** |
| 9 | പരിസ്ഥിതിയും തീരസംരക്ഷണവും പുനരധിവാസവും ( Housing) | 1. കടൽഭിത്തി നിർമ്മാണം | 120 |
| | | 2. പുനരധിവാസം (സ്ഥലവും വീടും) | 284.08 |
| | | 3. നദീ സംരക്ഷണം | 34.60 |
| | | 4. വനവൽക്കരണം | 21.50 |
| | | 5. നദീതീരത്തെ കൃഷിയിടങ്ങളുടെ സംരക്ഷണം | 23.00 |
| | | 6. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പഠനം, പരിശീലനം തുടങ്ങിയ കാര്യങ്ങൾ | 14.50 |
| | | | **497. 68** |

S 259



| | | | |
|---|---|---|---|
| 10 | ടൂറിസം | 1. തീര പുനർനിർമ്മാണം<br>2. ബീച്ച് റോഡുകൾ | 88.00<br>12.00<br>100.00 |
| 11 | ആലപ്പാട്, ആറാട്ടുപുഴ, അന്ധകാരനാഴി, എടവനക്കാട് പ്രത്യേക പാക്കേജുകൾ | | 100 |
| 12 | പ്രോജക്റ്റ് മാനേജ്മെന്റ് | | 25.00 |
| ആകെ | | | 1441.75 |

സെക്ഷൻ ഓഫീസർ

## TSUNAMI REHABILITATION PROGRAMME
## STATEMENT OF BUDGATORY RELEASE , AS ON 31.03.2007

(Rs In Lakhs)

| SL No | Name of Department | Fund Released from Budget |
|---|---|---|
| 1 | Kerala Water Authority | 154.37 |
| 2 | Harbour Engineering Department | 116.00 |
| 4 | Public Works Department | 1,029.00 |
| 5 | Department of Fisheries | 1,300.00 |
| 6 | Department of Forest | 146.00 |
| 7 | Incremental Administration /design & supervision | 150.00 |
| | **Gtant Total** | **2,895.37** |

S 259

**District wise and Head of Account wise details of amounts released under NCRF during the year 2006-07 (In Rs.) ForTsunami Relief Operations (As on 31.03.2007 )**

| District/ Head of Account | TVPM | KLM | PTA | ALPY | KTM | IDU | EKM | TSR | PKD | MLPM | KKD | WND | KNR | KSDE | CE, HED | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2245-02-800-77-01- TRO - Cash Doles | 0 | 13014000 | 0 | 4127000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 17141000 |
| 2245-02-800-77-02 - TRO - Exgratia to bereaved | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 100000 |
| 2245-02-800-77-03 - TRO - Exgratia to injured persons | 0 | 30000 | 0 | 0 | 0 | 0 | 5000 | 0 | 0 | 0 | 0 | 0 | 0 | 0 | | 35000 |
| 2245-02-800-77-04 - TRO - Evacuation of Population | 0 | 233590 | 0 | 95888 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 329478 |
| 2245-02-800-77-05 - TRO - Food and Clothing | 0 | 67872 | 0 | 222976 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 290848 |
| 2245-02-800-77-06 - TRO - Special Nutrition | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 0 |
| 2245-02-800-77-07 - TRO - Supply of Medicine | 655692 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 655692 |
| 2245-02-800-77-08 - TRO - Drinking Water Supply | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 0 |
| 2245-02-800-77-09 - TRO - Veterinary Care | 0 | 382677 | 0 | 216785 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 599462 |
| 2245-02-800-77-10 - TRO - Repairs to Roads & Bridges | 0 | 0 | 0 | 0 | 0 | 0 | 8905353 | 0 | 0 | 0 | 0 | 0 | 0 | 0 | | 8905353 |
| 2245-02-800-77-11 - TRO - Repairs to Water Supply | 0 | 0 | 0 | 3330405 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 3330405 |
| 2245-02-800-77-12 - TRO - Repairs to Sea Wall | | | | | | | | | | | | | | | | 0 |
| 2245-02-800-77-13 - TRO - Repairs to Houses | 0 | 28230234 | 0 | 69360 | 0 | 0 | 1916000 | 0 | 0 | 0 | 0 | 0 | 0 | 0 | | 30215594 |
| 2245-02-800-77-14 - TRO - Repairs to Fishing | | | | | | | | | | | | | | | | 0 |
| 2245-02-800-77-19 - TRO - Other items | 538752 | 5813637 | 0 | 0 | 0 | 0 | 1631798 | 0 | 0 | 0 | 40000 | 0 | 0 | 0 | | 8024187 |
| 2245-02-800-77-15 - TRO - Repairs to Fishing | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000000 | 50000000 |
| TOTAL | 1194444 | 47872010 | 0 | 8062414 | 0 | 0 | 12458151 | 0 | 0 | 0 | 40000 | 0 | 0 | 0 | 50000000 | 119627019 |

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 04.07.2007 ൽ മറുപടിക്ക്

നിയമസഭാ ചോദ്യം നമ്പർ : 260

## കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. സദാശിവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.സി. രാജഗോപാൽ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ ബി.ഡി.ദേവസ്സി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി ) |
| (എ) കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി കഴിഞ്ഞ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംഘങ്ങളെ ശക്തിപ്പെടുത്തുന്ന ഈ പദ്ധതി പ്രകാരം 430 കയർ സംഘങ്ങൾക്കായി 1962.70 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിക്കു കീഴിൽ ഈ വർഷം കൂടുതൽ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.<br>കയറിനും കയറുല്പന്നങ്ങൾക്കും ന്യായമായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെയും ഡിപ്പോകളുടെയും ചൂഷണത്തിൽ നിന്നും കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി ചെറുകിട ഉല്പാദകരെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് പർച്ചേയ്സ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു.<br>ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി |

| | |
|---|---|
| | ഉൾനാടൻ മേഖലയിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തു വരുന്നു.<br>ചകിരിയും ചണവും നിശ്ചിത അനുപാതത്തിൽ ചേർത്ത് യാൺ ഉണ്ടാക്കുന്ന ഫാക്ടറിയും കയർ മാറ്റിംഗ് കൊണ്ട് Coir composite Board നിർമ്മിക്കുന്ന ഫാക്ടറിയും സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തു വരുന്നു. കയർഫെഡ് പുനഃസംഘടിപ്പിച്ച് ലാഭകരമായി പ്രവർത്തിക്കുവാൻ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.<br>ആവശ്യമായ ഘട്ടങ്ങളിൽ വിപണിയിൽ സർക്കാരിന്റെ ഇടപെടൽ ഉറപ്പുവരുത്തും. ഡിസ്ട്രസ് പർച്ചേയ്സ് പദ്ധതിയുടെ നടത്തിപ്പിലൂടെ 860.51 ലക്ഷം രൂപയുടെ കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിച്ച് കയർ മേഖലയെ സംരക്ഷിക്കാൻ നടപടിയെടുത്തിരുന്നു. |
| (ബി) കെട്ടിക്കിടക്കുന്ന മുഴുവൻ കയറും ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിച്ച് കയർ മേഖലയിൽ അനുഭവപ്പെടുന്ന മാന്ദ്യം പരിഹരിക്കുന്നതിനായി സർക്കാർ ഡിസ്ട്രസ് പർച്ചേയ്സ് സ്കീം നടപ്പിലാക്കിയിരുന്നു. ഇതു പ്രകാരം 860.51 ലക്ഷം രൂപയുടെ കയറും കയറുല്പന്നങ്ങളും സംഭരിച്ചു. അതിൽ 172.54 ലക്ഷം രൂപയുടെ കയറും കയറുല്പന്നങ്ങളും മാത്രമേ വിറ്റഴിക്കാൻ സാധിച്ചുള്ളൂ. ബാക്കി കയറും കയറുല്പന്നങ്ങളും വിറ്റഴിക്കുന്ന മുറയ്ക്ക് സംഭരണത്തിന്റെ കാര്യം ആലോചിക്കാവുന്നതാണ്. കെട്ടിക്കിടക്കുന്നതു മുഴുവൻ ഏറ്റെടുക്കാൻ സർക്കാരിന്റെ പദ്ധതിയിലില്ല. സർക്കാർ ഏറ്റെടുക്കേണ്ട മറ്റു വിഭാഗങ്ങളുടെ കയർ ഏറ്റെടുക്കുന്നത് പരിഗണനയിൽ ഉണ്ട്. |

| | |
|---|---|
| (സി)കയറിന് ഉല്പാദന ചെലവിന് അനുസൃതമായി വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കയറിനും കയറുല്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെയും ഡിപ്പോകളുടെയും ചൂഷണത്തിൽ നിന്നും കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി പർച്ചേയ്സ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം നടപ്പിലാക്കാൻ നടപടിയെടുത്തു കഴിഞ്ഞു. ഈ പദ്ധതി പ്രകാരം കയറിനും കയറുല്പന്നങ്ങൾക്കും ന്യായവില നിശ്ചയിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ നിശ്ചയിക്കുന്ന വില കയർ സഹകരണ സംഘങ്ങളുടെ Standard Production cost - നേക്കാൾ കുറവാണെങ്കിൽ തമ്മിലുള്ള വ്യത്യാസം Price Compensation incentive എന്ന പദ്ധതി വഴി സഹകരണ സംഘങ്ങൾക്ക് നൽകും. അങ്ങനെ കയർ സഹകരണ സംഘങ്ങൾക്ക് ഉല്പാദനച്ചെലവിനനുസരിച്ച് കയർ വില ലഭിക്കും. |
| (ഡി) കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കയർ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി ക്കും നൽകാനുള്ള കടബാധ്യത ഓഹരി മൂലധനമാക്കി മാറ്റാനുള്ള നടപടി, സ്വീകരിച്ചു വരുന്നു. ഭരണവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകളുടെ അനുമതി പ്രതീക്ഷിക്കുന്നു. ഇത് സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതാണ്. |

കയർ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ One time settlement നടത്തുന്നതിനുള്ള നടപടി എടുക്കുന്നതാണ്. കയർഫെഡ് പുനഃസംഘടിപ്പിച്ച് ലാഭകരമായി പ്രവർത്തിപ്പിക്കാൻ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കയർഫെഡുമായി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക് കൂടുതൽ ഉല്പാദനം നടത്തുന്നതിനും അതുവഴി തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാധിക്കും

കൂടാതെ, Market Development assistance Production & Marketing incentive, assistance for setting up of common facility service തുടങ്ങി 11-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും ഈ വർഷം മുതൽ നടപ്പാക്കി തുടങ്ങും.

കേന്ദ്രാവിഷ്കൃത പദ്ധതിയായ Regeneration of Traditional industries വഴിയായി 4 ക്ലസ്റ്ററുകൾ ചിറയിൻകീഴ്, മങ്ങാട്, തേവലക്കര, ബേപ്പൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കും.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *261, 4-7-2007-ൽ മറുപടിക്ക്

ബൗദ്ധിക സ്വത്തവകാശ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീ.ബി.രാഘവൻ:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.വി.ശശികുമാർ; | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ 'ബൗദ്ധിക സ്വത്തവകാശനയം' ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാന സർക്കാരിന്റെ ബൗദ്ധിക സ്വത്തവകാശനയം രൂപീകരിക്കുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ബി) ഇത് സംബന്ധിച്ച് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) ബൗദ്ധിക സ്വത്തവകാശ നയമെന്നത് സർക്കാരിന്റെ നയമായതിനാൽ ഇതു സംബന്ധിച്ച് ചട്ടങ്ങൾ തയ്യാറാക്കേണ്ട ആവശ്യമില്ല. |
| (സി) ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിന് നിലവിൽ എന്തു സംവിധാനം ആണുള്ളത്; | (സി) പേറ്റൻറ് അവകാശം, പകർപ്പവകാശം തുടങ്ങിയ ആവശ്യങ്ങൾക്കായി സർക്കാരിനെ സമീപിക്കുന്ന ജനങ്ങൾക്ക് അതു കരസ്ഥമാക്കാൻ ആവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ (സി.എസ്.ഐ.ആർ.) കീഴിലുള്ള റീജിയണൽ റിസർച്ച് ലബോറട്ടറിയുടെ സാങ്കേതിക സഹായത്തോടുകൂടി നടപ്പിലാക്കുന്നതിന് സെക്രട്ടേറിയറ്റ് നിയമവകുപ്പിൽ സംവിധാനം ഉണ്ട്. |

| | |
|---|---|
| (ഡി) പുതിയ നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കും എന്ന് അറിയിക്കുമോ? | (ഡി) ഈ നടപ്പു നിയമസഭാ സമ്മേളനത്തിൽ തന്നെ കരട് നയം പ്രഖ്യാപിക്കുകയും കരട് നയത്തിന്റെ പകർപ്പ് എല്ലാ നിയമസഭാ സാമാജികർക്കും കേരളത്തിലുള്ള പാർലമെന്റംഗങ്ങൾക്കും വിതരണം ചെയ്യുന്നതോടൊപ്പം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും പൊതുജനത്തിന്റെ അഭിപ്രായം ആരായുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമുള്ള ചോദ്യം നമ്പർ. * 262 04/07/2007 -ൽ മറുപടിയ്ക്ക്

## ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.തോമസ് ചാഴികാടൻ :<br>ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി : | | ശ്രീ.കെ.പി.രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) | റവന്യൂ വകുപ്പിൽ ലാന്റ് റെക്കോർഡുകൾ കാലാനുസൃതമായി പുതുക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ; | (എ) | പദ്ധതിയുണ്ട് ; "റവന്യൂ ഭരണം ശക്തിപ്പെടുത്തുന്നതും ഭൂരേഖകൾ നവീകരിക്കുന്നതും - ഭൂരേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം" എന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തിയാണ് റവന്യൂ വകുപ്പിലെ ലാന്റ് റിക്കാർഡുകൾ കാലാനുസൃതമായി പുതുക്കുന്നത്. |
| (ബി) | ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി കേന്ദ്ര സഹായമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ബി) | കേന്ദ്ര സഹായമുണ്ട്. ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായി 100% കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. ഈ പദ്ധതിക്കായി നാളിതുവരെ 1261.04 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1078.33 ലക്ഷം രൂപ ചെലവഴിച്ചു. 155.89 ലക്ഷം രൂപ സർവെ റിക്കാർഡുകളുടെ നവീകരണത്തിനായി സർവെ ഡയറക്ടറേറ്റിലും 48.06 ലക്ഷം രൂപ റവന്യൂ ജീവനക്കാരുടെ കമ്പ്യൂട്ടർപരിശീലനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനും അനുവദിച്ചിട്ടുണ്ട്. 6798 റവന്യൂ ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്. ബാക്കി 874.35 ലക്ഷം രൂപ ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണത്തിനായി ജില്ലകളിൽ അനുവദിച്ചു. |
| (സി) | കമ്പ്യൂട്ടർവൽക്കരണ ജോലികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇതുമായി ബന്ധപ്പെട്ട ജോലികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ ? | (സി) | ഭൂരേഖാകമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായുള്ള ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്ലോഡിങ് നടപടികൾ ജില്ലകളിൽ പൂർത്തിയായി വരുന്നു. ഈ പദ്ധതിയുടെ പൈലറ്റ് ജില്ലയായ കോട്ടയത്ത് ഡാറ്റാ എൻട്രി 100% പൂർത്തിയായിട്ടുണ്ട്. ഇതര ജില്ലകളിൽ ഡാറ്റാ എൻട്രി ദ്രുതഗതിയിലാണ്. ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണ ജോലികൾക്ക് മാത്രമായി 345 റവന്യൂ ജീവനക്കാർക്ക് "ഐ.എസ്.എം മലയാളം " സോഫ്റ്റ് വെയറിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് ജില്ലകളിൽ നേരിട്ട് പരിശോധന നടത്തുന്നുണ്ട്. പുരോഗതി റിപ്പോർട്ട് കൃത്യമായി സമർപ്പിക്കുന്നതിന ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ജൂലൈ 15 ന് മുമ്പായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 263 — 04 -07 -2007ൽ മറുപടിക്ക്

## എൻ.സി.സി. കേഡറ്റുകൾക്ക് പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എം. റഹിം:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>ശ്രീ. പി. വിശ്വൻ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. ബാലു എം. പാലിശ്ശേരി | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളിലെയും കോളേജുകളിലെയും എൻ.സി.സി. പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) സ്കൂളുകളിലെയും, കോളേജുകളിലെയും പ്രവർത്തനം എൻ.സി.സി. ഡയറക്റ്ററേറ്റ് വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഇതിന്റെ പ്രവർത്തനം തൃപ്തികരമാണെന്നു കരുതുന്നുണ്ടോ; | ബി) എൻ.സി.സി. യുടെ പ്രവർത്തനം തൃപ്തികരമാണ് |
| സി) എത്ര സ്കൂളുകളിലും കോളേജുകളിലും എൻ.സി.സി. യുടെ യൂണിറ്റ് ഉണ്ട്; | സി) 484 സ്ക്കൂളുകളിലും 223 കോളേജുകളിലും എൻ.സി.സി. പ്രവർത്തിക്കുന്നുണ്ട്. |
| ഡി) എൻ.സി.സി. ഇപ്പോൾ എന്തെല്ലാം പരിശീലന പദ്ധതികളാണ് നടപ്പാക്കുന്നത്; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) ട്രെക്കിംഗ്, പർവ്വതാരോഹണം/ മലകയറ്റം, പാരചൂട്ട് പരിശീലനം, തുഴയൽ പരിശീലനം, ജലയാത്ര പരിശീലനം, ബോട്ട് പുള്ളിംഗ്, സർഫിംഗ്, സ്കുബാ ഡൈവിംഗ്, ചെറുവിമാനം പരിശീലനം, ആയുധപരിശീലനം, സൈക്കിളിംഗ് റോക്ക് ക്ലൈമ്പിങ്, എന്നിവ നടത്തുന്നു. കൂടാതെ, റിപ്പബ്ളിക് ദിന ക്യാമ്പും, തൽ സൈനിക് ക്യാമ്പും ഡൽഹിയിൽ വച്ചും, വിശാഖപട്ടണത്തുവച്ച് നാവിക സേനക്യാമ്പും നടത്തുന്നു. അതിനുപുറമേ, ബാംഗ്ളൂരിൽ വച്ച് വായു സൈനിക |

| | |
|---|---|
| | ക്യാമ്പും, സർവ്വീസസ് സെലക്ഷൻ ബോർഡിലേക്ക് പരിശീലനവും, വ്യക്തിത്വ വികസനം കരിയർ കൗൺസിലിംഗ് പരിശീലനവും നൽകി വരുന്നു. ഏയർ വിംഗിൽ ഒരു വർഷം 486 എൻ.സി.സി. കേഡറ്റുകൾ ചെറുവിമാനങ്ങൾ പറപ്പിക്കാൻ പരിശീലിക്കുന്നു.<br><br>പരിശീലനപദ്ധതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. |
| ഇ) എൻ.സി.സി. കഴിഞ്ഞ വർഷം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; | ഇ)<br>(i) 2007-ൽ ഡൽഹിയിൽ വച്ച് നടന്ന റിപ്പബ്ലിക് ദിനക്യാമ്പിൽ സ്റ്റാറ്റിക് ഏറോ മോഡലിംഗിനും, മാസ്റ്റർ ഓഫ് സെറിമണിക്കും സ്വർണ്ണമെഡൽ ലഭിച്ചു. ആൾ ഇന്ത്യ തലത്തിൽ നടന്ന മത്സരത്തിൽ കേരളത്തിന് 5- ാം സ്ഥാനം ലഭിച്ചു.<br>(ii) ആൾ ഇന്ത്യ തൽസൈനിക് (ആർമി വിംഗ്) ക്യാമ്പിൽ ഒരു സ്വർണ്ണമെഡലും,<br>3 വെള്ളി മെഡലും ലഭിച്ചു.<br>(iii) ആൾ ഇന്ത്യ വായു സൈനിക് ക്യാമ്പിൽ ചെറുവിമാനം പറപ്പിക്കലിന് ~~സിൽവർ~~ വെള്ളി മെഡൽ ലഭിച്ചു.<br>(iv) ആൾ ഇന്ത്യ നാവിക സേന ക്യാമ്പിന് സ്വർണ്ണമെഡൽ ലഭിച്ചു. |
| എഫ്) എൻ.സി.സി. കേഡറ്റുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളുമാണ് നൽകുന്നത്? | എഫ്)<br>(i) എസ്. എസ്.എൽ.സി ക്കും, +2 വിനും 10% വീതവും പോളിടെക്നിക്കിന് 5% വീതവും, ബിരുദത്തിന് എല്ലാ യൂണിവേഴ്സിറ്റിയും ഗ്രേസ്മാർക്കും നൽകുന്നു.<br>(ii) മെഡിക്കൽ/എഞ്ചിനിയറിംഗ് വിഭാഗത്തിന് 44 സീറ്റും, പോളിടെക്നിക്കിന് 30 സീറ്റും |

സംവരണം ചെയ്തിരിക്കുന്നു
(iii) കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വിവിധ തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നു.
(iv) റിപ്പബ്ളിക് ദിന പരേഡിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് നൽകുന്നു
(v) കര, നാവിക, വായു സേനകളിലേയ്ക്കും വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേയ്ക്കും 'C' സർട്ടിഫിക്കറ്റുള്ളവർക്ക് ജോലി സംവരണം ചെയ്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട | 4.7.2007-ലെ |
| ചോദ്യം നം.264 | മറുപടിക്ക് |

### അനധികൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ:<br>" എം.കെ. പ്രേംനാഥ്:<br>" കെ.പി. മോഹനൻ:<br>" എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. എം.എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന അനധികൃത സ്ഥാപനങ്ങളെക്കുറിച്ച് യു.ജി.സിയും എ.ഐ.സി.ടി.ഇ.യും നൽകിയ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യു.ജി.സിയുടെ അറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) യു.ജി.സി.യുടെ അറിയിപ്പ് പ്രകാരം രാജ്യത്ത് പ്രവർത്തിക്കുന്ന 20 വ്യാജ സർവ്വകലാശാലകളിൽ ഒന്ന് കേരളത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. കേരളത്തിൽ സെൻറ് ജോൺസ് യൂണിവേഴ് സിറ്റി എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നതായി എം.ജി. യൂണിവേഴ് സിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) എ.ഐ.സി.ടി.ഇ അംഗീകാരമില്ലാതെ വിദേശ സർവ്വകലാശാലകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന കേരളത്തിലെ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) ഇക്കാര്യം സർക്കാരിൻെറശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(തുടർച്ച)

| | | | |
|---|---|---|---|
| (ഡി) | യു.ജി.സി, എ.ഐ.സി.ടി.ഇ അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | ഇത്തരം സ്ഥാപനങ്ങളുടെ മേൽ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-265 04.07.2007-ൽ മറുപടിക്ക്

## പോളിടെക്നിക്കുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. എം. എം. മോനായി.
ശ്രീ. വി. എൻ. വാസവൻ
ശ്രീ. സാജു പോൾ
ശ്രീ. കെ. സി. രാജഗോപാലൻ.
ശ്രീ. ബി. രാഘവൻ.

ഉത്തരം

ശ്രീ. എം. എ. ബേബി.
വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ. | പോളിടെക്നിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | എ) | പോളിടെക്നിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 225 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അംഗീകൃത പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അനുവദിക്കുന്നതാണ് |
| ബി | പോളിടെക്നിക്കുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി | നടപടി സ്വീകരിക്കുന്നതാണ്. |
| സി | കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ, | സി | അടിസ്ഥാന സൗകര്യങ്ങൾ ഉള്ള പോളിടെക്നിക്കുകളിൽ ആവശ്യമെങ്കിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| ഡി. | പുതുതായി ഏതെങ്കിലും കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി | പുതിയ കോഴ്സുകൾ ആരംഭിക്കേണ്ട ആവശ്യകത സർവ്വേ നടത്തി തിട്ടപ്പെടുത്തിയ ശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്. |
| ഇ | കമ്മ്യൂണിറ്റി പോളിടെക്നിക് സ്കീം അനുസരിച്ചുള്ള പരിശീലന പരിപാടികൾ കാര്യക്ഷമമല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | ഇ | പരിശോധിച്ചു വരുന്നു. പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| എഫ് | പുതിയ പോളിടെക്നിക്കുകൾ സർക്കാർ മേഖലയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | എഫ് | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 1266 — 04/07/2007-ൽ മറുപടിക്ക്

**മൂന്നാർ കൈയ്യേറ്റം ഒഴിപ്പിക്കുന്ന ദൗത്യസംഘത്തിന്റെ പ്രവർത്തനത്തിലെ വീഴ്ചകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.എൻ.ശക്തൻ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാർ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് രൂപീകരിച്ച പ്രത്യേക ദൗത്യസംഘത്തിന്റെ പ്രവർത്തനത്തിന് പുതിയതായി എന്തെങ്കിലും പെരുമാറ്റ ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെന്ന് വിശദമാക്കാമോ; | (എ) പുതിയതായി പെരുമാറ്റ ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടില്ല. |
| (ബി) ഇവരുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ എന്തെന്ന് വ്യക്തമാക്കുമോ; | (ബി) നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. |
| (സി) എങ്കിൽ ഇതു സംബന്ധിച്ച് ദൗത്യസംഘത്തിന് സർക്കാർ എന്തെങ്കിലും താക്കീത് നല്കിയിട്ടുണ്ടോ; | (സി) ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ::267 4.07.2007-ൽ മറുപടിയ്ക്ക്

വിജയശതമാനം കുറഞ്ഞ സ്കൂളുകളിൽ പ്രത്യേക പരിശീലന പരിപാടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ..വി.സുരേന്ദ്രൻ പിള്ള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ..പി.ജെ.ജോസഫ് | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പുമന്ത്രി |
| എ) 2006-ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയശതമാനം കുറഞ്ഞ സ്കൂളുകളെ തെരഞ്ഞെടുത്ത് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിച്ചിരുന്നോ; | എ) ആവിഷ്കരിച്ചിരുന്നു |
| ബി) എത്ര സ്കൂളുകളിലാണ് ഇത് നടപ്പിലാക്കിയതെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും വെളിപ്പെടുത്തുമോ; | ബി) ഉന്നതപഠനത്തിന് അർഹതനേടാൻ എല്ലാ വിഷയങ്ങൾക്കും D+ അല്ലെങ്കിൽ അതിന് മുകളിലുള്ള ഗ്രേഡ് കിട്ടണം 2006 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ, ഇങ്ങനെ അർഹത നേടാത്ത 33%-ൽ കൂടുതൽ വിദ്യാർത്ഥികളുള്ള 104 സ്കൂളുകളിൽ (95 എണ്ണം കേരളത്തിലും, 9 എണ്ണം ലക്ഷദ്വീപിലുമാണ്) പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും സംസ്ഥാനത്തുള്ള 95 സ്കൂളുകളിൽ മാത്രം പദ്ധതി നടപ്പിലാക്കാനേ കഴിഞ്ഞുള്ളൂ.<br>"ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന ആശയം ഉയർത്തിപ്പിടിച്ച് താഴെ പ്പറയുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കിയത്. |

2006- 2007 മുതൽ 3 വർഷകാലത്തേയ്ക്ക് പ്രസ്തുത സ്കൂളുകളുടെ അക്കാദമികമായ വളർച്ചയും സമഗ്ര വികസനത്തിനും ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും അദ്ധ്യാപക ശാക്തീകരണത്തിനും ഊന്നൽ നൽകി പ്രത്യേക പരിശീലന പരിപാടികളും അവർക്കുള്ള തൽസമയ പിന്തുണാ സംവിധാനവുംലക്ഷ്യമിട്ടുണ്ട്. അധ്യാപകർക്കുള്ള ക്ലസ്റ്റർതല യോഗങ്ങൾ, പ്രവർത്തനങ്ങളുടെ ഇടക്കാല വിലയിരുത്തൽ, തീവ്രകർമ്മ പരിപാടികൾ, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള വിദ്യാഭ്യാസം, രക്ഷാകർത്തൃജന പ്രതിനിധി ബോധവൽക്കരണം, ലോക്കൽ റിസോഴ്സ് ഗ്രൂപ്പിനെ പരിശീലിപ്പിക്കൽ, അയൽക്കൂട്ട പഠന പരിപാടി, ആരോഗ്യ ശുചിത്വ പോഷണ പരിപാടി, സഹവാസ ക്യാമ്പുകൾ തുടങ്ങിയവയാണ് പ്രധാന പരിപാടികൾ.

| | | | |
|---|---|---|---|
| സി) | ഇതേത്തുടർന്ന് ഈ വർഷത്തെ പരീക്ഷാഫലത്തിൽ പ്രസ്തുത സ്കൂളുകളിൽ എന്തെല്ലാം പുരോഗതിയാണുണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | ഈ വർഷം വിജയശതമാനം കുറഞ്ഞ സ്കൂളുകൾക്കായി ഈ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | സംസ്ഥാനത്തെ 95 സ്കൂളുകൾ 2007 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച നേട്ടം കൈവരിച്ചെങ്കിലും ഈ വർഷവും മുൻ പ്രവർത്തനങ്ങൾ ഈ സ്കൂളുകളിൽ നടത്തുന്നുണ്ട്. കൂടാതെ |

ഓരോ വിദ്യാഭ്യാസ ജില്ലയിലും ശരാശരി
യിൽ താഴെ വിജയ ശതമാനം ലഭിച്ച
സ്കൂളുകളെ കൂടി ഈ വർഷം ഈ പദ്ധതി
നടപ്പിലാക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 268 04.07.2007-ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസത്തിന് വായ്പ

ചോദ്യം

ശ്രീ. എസ് രാജേന്ദ്രൻ

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

ശ്രീ. പി. ജയരാജൻ

ശ്രീ. എ. എം. യൂസഫ്.

ഉത്തരം

ശ്രീ. എം. എ. ബേബി,

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും

വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഉന്നത വിദ്യാഭ്യാസത്തിന് വായ്പ ലഭ്യമാക്കുന്ന കാര്യത്തിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ഉന്നത വിദ്യാഭ്യാസ വായ്പകൾക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനായി ജില്ലാ തലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ-ക്കനുസരിച്ച് വായ്പ അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് ബാദ്ധ്യതയുണ്ട്. |
| ബി. | വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾ ഉദാര സമീപനം സ്വീകരിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | ബി | ബാങ്കുകൾ വായ്പ അനുവദിക്കുന്നതിന് ഉദാര സമീപനം സ്വീകരിക്കണമെന്ന-താണ് സർക്കാരിന്റെ നിലപാട്. |
| സി. | സ്വന്തം ജാമ്യത്തിൽ വിദ്യാർത്ഥികൾക്ക് വായ്പ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി | റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ വായ്പ അനുവദിക്കുവാൻ ബാങ്കുകൾക്ക് സാധിക്കുകയുള്ളൂ. നാല് ലക്ഷം രൂപ വരെയുള്ള വായ്പക്ക് ജാമ്യം നൽകേണ്ടതില്ല. |
| ഡി | വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കുമോ; | ഡി | റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും ബാങ്കുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടു-ത്തിയാൽ നടപടി സ്വീകരിക്കാമെന്ന് എസ്. എൽ. ബി.സിയുടെ ജനറൽ മാനേജർ ഉറപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 269    04.7.07 ൽ മറുപടിക്ക്.

**സ്വയംഭരണാധികാരം ലഭിച്ചിട്ടുള്ള**
**കോളേജുകളും സർവ്വകലാശാലകളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. ജോർജ്ജ് മേഴ്സിയർ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക<br>കാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം കോളേജുകൾക്കാണ് സ്വയം ഭരണാധികാരം നൽകിയിട്ടുള്ളത് ; | (എ) സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഒരു കോളേജിനും സ്വയം ഭരണാധികാരം നൽകിയിട്ടില്ല |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകൾക്ക് സ്വയം ഭരണാധികാരം നൽകുവാൻ ഉദ്ദേശിക്കുന്നു ? | (ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 270 — 4.7.2007 ൽ മറുപടിയ്ക്ക്

## സുനാമി ബാധിത പ്രദേശത്ത് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുധാകരൻ :<br>ശ്രീ.എ.പി.അനിൽകുമാർ : | ശ്രീ.കെ.പി.രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സുനാമി ബാധിത പ്രദേശത്ത് കേന്ദ്രാവിഷ്കൃത ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായത്തോടെ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരമാണ് സംസ്ഥാനത്ത് യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ തയ്യാറാക്കി വരുന്നു. |
| ബി) ഈ പദ്ധതിയിൻ കീഴിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ പരിരക്ഷ നൽകുമോ ; | ബി) നൽകുന്നതാണ്. |
| സി) എത്ര വർഷത്തേയ്ക്കാണ് ഈ പദ്ധതിമൂലം അംഗങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതെന്ന് അറിയിക്കുമോ ? | സി) മൂന്ന് വർഷം. |

സെക്ഷൻ ഓഫീസർ